# ഗണിതം

സ്റ്റാൻഡേർഡ്

X

# ചോദ്യശേഖരം

SCERT Kerala

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി** (SCERT)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

SCERT Kerala

*Prepared by:*
State Council of Educational
Research & Training (SCERT)
Poojappura, Thiruvananthapuram -12,
Kerala. E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2016

# ആമുഖം

പൊതുപരീക്ഷയുടെ മാതൃകയിലുള്ള ചോദ്യങ്ങളുടെ ഒരു സമാഹാരമാണിത്. ഓരോ ചോദ്യത്തിനും അനുബന്ധമായ പഠനനേട്ടം, ഉത്തരസൂചിക, സ്കോർ, സമയം എന്നിവ പ്രത്യേകം നല്കിയിട്ടുണ്ട്.

ഓരോ കുട്ടിക്കും സ്വന്തം പഠനമികവ് വിലയിരുത്തുന്നതിനും, കൂടുതൽ പരിശീലനത്തിനും, ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കുന്നതിനും ഈ ചെറുപുസ്തകം സഹായകരമാകും എന്നു പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

**ഡയറക്ടർ**

SCERT Kerala

# ഉള്ളടക്കം


1. സമാന്തരശ്രേണികൾ ................................ 5
2. വൃത്തങ്ങൾ ................................................ 23
3. സാധ്യതകളുടെ ഗണിതം ........................ 36
4. രണ്ടാംകൃതി സമവാക്യങ്ങൾ ................ 43
5. ത്രികോണമിതി ........................................ 63
6. സൂചകസംഖ്യകൾ .................................... 83
7. തൊടുവരകൾ ........................................... 93
8. ഘനരൂപങ്ങൾ ......................................... 105
9. ജ്യാമിതിയും ബീജഗണിതവും ............ 124
10. ബഹുപദങ്ങൾ ....................................... 142
11. സ്ഥിതിവിവരക്കണക്ക് ............................ 152

മാതൃക ചോദ്യപേപ്പറുകൾ ....................... 156


SCERT Kerala

1

# സമാന്തരശ്രേണികൾ

## 1. പഠനനേട്ടം

1. പ്രായോഗിക സന്ദർഭങ്ങളിൽ നിന്നും ശ്രേണികൾ രൂപീകരിക്കുന്നു.
2. പദങ്ങളും പദസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ബീജഗണിതരൂപത്തിൽ എഴുതുന്നു.

? 1 മുതൽ തുടർച്ചയായ എണ്ണൽസംഖ്യകളിൽ അടുത്തടുത്ത രണ്ട് എണ്ണൽസംഖ്യകളുടെ തുകയുടെ ശ്രേണി എഴുതുക. ഈ ശ്രേണിയുടെ ബീജഗണിത രൂപം എഴുതുക.

(സ്കോർ: 3, സമയം: 4 മിനിട്ട്)

■ **ഉത്തരസൂചിക**

- എണ്ണൽസംഖ്യാശ്രേണി : 1, 2, 3, 4, 5, ... (1)
- അടുത്തടുത്ത രണ്ടു എണ്ണൽ സംഖ്യകളുടെ തുകയുടെ ശ്രേണി : 1 + 2, 2 + 3, 3+ 4, 4 + 5, ... (1)
  : 3, 5, 7, 9, ...
- തുകയുടെ ബീജഗണിതരൂപം : $n + (n + 1) = 2n + 1$ (1)

## 2. പഠനനേട്ടം

- പ്രായോഗിക സന്ദർഭങ്ങളിൽനിന്നും ശ്രേണികൾ രൂപീകരിക്കുന്നു.
- ശ്രേണിയുടെ പദങ്ങളും പദസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ബീജഗണിത രീതിയിൽ എഴുതുന്നു.
- ശ്രേണിയുടെ ബീജഗണിതരൂപത്തിൽ നിന്നും പദങ്ങൾ കണ്ടെത്തുന്നു.

? ഒരു വൃത്തത്തിൽ രണ്ടു ബിന്ദുക്കൾ അടയാളപ്പെടുത്തി അവ യോജിപ്പിച്ച് ഒരു ഞാൺ വരയ്ക്കുന്നു. ഒരു ബിന്ദുകൂടി അടയാളപ്പെടുത്തി മൂന്നു ഞാണുകൾ വരയ്ക്കുന്നു. ഇങ്ങനെ വൃത്തത്തിലെ ബിന്ദുക്കളുടെ എണ്ണം 1 വീതം കൂട്ടി ഞാണുകൾ വരയ്ക്കുന്നു.

(a) ഓരോ ചിത്രത്തിലെയും ഞാണുകളുടെ എണ്ണം ശ്രേണിയായി എഴുതുക.

(b) ഈ ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

(c) 10-ാം ചിത്രത്തിലെ ഞാണുകളുടെ എണ്ണം എത്ര?



(സ്കോർ: 4, സമയം: 7 മിനിട്ട്)

SCERT Kerala

■ **ഉത്തരസൂചിക**

(a) 1 -ാം ചിത്രത്തിലെ ഞാണുകളുടെ എണ്ണം = 1

2-ാം ചിത്രത്തിലെ ഞാണുകളുടെ എണ്ണം = 1 + 2 = 3

3-ാം ചിത്രത്തിലെ ഞാണുകളുടെ എണ്ണം = 1 + 2 + 3 = 6 (1)

ഞാണുകളുടെ എണ്ണങ്ങളുടെ ശ്രേണി = 1, 3, 6, 10, ... (1)

(b) $n$-ാം ചിത്രത്തിലെ ഞാണുകളുടെ എണ്ണം = $1 + 2 + 3 + ... + n$

$= \frac{n(n+1)}{2}$ (1)

(c) 10-ാം ചിത്രത്തിലെ ഞാണുകളുടെ എണ്ണം = $\frac{10 \times 11}{2} = 55$ (1)

### 3. പഠനനേട്ടം

- പ്രയോഗികസന്ദർഭങ്ങളിൽ നിന്നും ശ്രേണികൾ രൂപികരിക്കുന്നു.
- ശ്രേണിയിലെ പദങ്ങളും പദസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ബീജഗണിത രീതിയിൽ എഴുതുന്നു.
- ബീജഗണിതരൂപത്തിൽ നിന്നും നിശ്ചിത പദം കണക്കാക്കുന്നു.

**?** ഒരേ നീളമുള്ള കമ്പുകൾ ഉപയോഗിച്ച് ചതുര പാറ്റേൺ തയ്യാറാക്കിയത് ചുവടെ തന്നിരിക്കുന്ന രീതിയിലാണ്.



(a) ഓരോ ചിത്രത്തിലും ഉപയോഗിച്ച കമ്പുകളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക.

(b) ഓരോ ചിത്രത്തിലേയും സമചതുരം ഉൾപ്പടെയുള്ള ചതുരങ്ങളുടെ എണ്ണങ്ങളുടെ ശ്രേണി എഴുതുക.

(c) ഓരോ ശ്രേണിയുടെയും ബീജഗണിത രൂപം എഴുതുക.

(d) 10-ാം ചിത്രത്തിലെ കമ്പുകളുടെയും ചതുരങ്ങളുടെയും എണ്ണം കണക്കാക്കുക.

(സ്കോർ: 4, സമയം: 9 മിനിട്ട്)

SCERT Kerala

■ **ഉത്തര സൂചിക**

(a) 1-ാംചിത്രത്തിലെ കമ്പുകളുടെ എണ്ണം = 1 + 3 = 4

2-ാംചിത്രത്തിലെ കമ്പുകളുടെ എണ്ണം = $1 + 3 + 3 = 1 + 2 \times 3 = 7$

3-ാംചിത്രത്തിലെ കമ്പുകളുടെ എണ്ണം = $1 + 3 \times 3 = 10$

4-ാംചിത്രത്തിലെ കമ്പുകളുടെ എണ്ണം = $1 + 4 \times 3 = 13$

കമ്പുകളുടെ എണ്ണത്തിന്റെ ശ്രേണി = 4, 7, 10, 13, ... (1)

(b) 1-ാംചിത്രത്തിലെ ചതുരങ്ങളുടെ എണ്ണം = 1

2 ാംചിത്രത്തിലെ ചതുരങ്ങളുടെ എണ്ണം = 2 +1 = 3

3-ാംചിത്രത്തിലെ ചതുരങ്ങളുടെ എണ്ണം = 3 + 2 + 1 = 6

4-ാം ചിത്രത്തിലെ ചതുരങ്ങളുടെ എണ്ണം = 4 + 3 + 2 + 1 = 10

ചതുരങ്ങളുടെ എണ്ണത്തിന്റെ ശ്രേണി = 1, 3, 6, 10, ... (1)

(c) $n$-ാം ചിത്രത്തിലെ കമ്പുകങ്ങളുടെ എണ്ണം = $1 + n \times 3 = 3n+1$

$n$-ാം ചിത്രത്തിലെ ചതുരങ്ങളുടെ എണ്ണം = $1 + 2 + 3 ... + n$

$= \frac{n(n+1)}{2}$ (1)

(d) 10-ാംചിത്രത്തിലെ കമ്പുകളുടെ എണ്ണം $= 3 \times 10 + 1 = 31$

10-ാംചിത്രത്തിലെ ചതുരങ്ങളുടെ എണ്ണം $= \frac{10 \times 11}{2} = 55$ (1)

**4. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ ഒരു പദവും, അതിന്റെ പദസ്ഥാനവും പൊതുവ്യത്യാസവും ഉപയോഗിച്ച് ശ്രേണിയുടെ മറ്റു പദങ്ങൾ കണക്കാക്കാം.
- ശ്രേണിയുടെ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം പൊതുവ്യത്യാസത്തിന്റെ ഗുണിതമായിരിക്കും.

പൊതു വ്യത്യാസം 6 ആയ ഒരു സമാന്തരശ്രേണിയുടെ 7-ാം പദം 52 ആണ്. ശ്രേണിയുടെ 15-ാം പദം എത്ര? ഈ ശ്രേണിയിലെ ഏതെങ്കിലും രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം 100 ആകുമോ?

(സ്കോർ: 3, സമയം: 5 മിനിട്ട്)

**■ ഉത്തര സൂചിക**

- ശ്രേണിയുടെ 7-ാം പദത്തിന്റെ കൂടെ 8 തവണ പൊതുവ്യത്യാസം കൂട്ടിയാൽ 15-ാം പദം കിട്ടും

  അതായത്, $x_{15} = x_7 + 8d$ (1)

  $= 52 + 8 \times 6 = 100$ (1)

  ഒരു സമാന്തരശ്രേണിയിലെ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം പൊതുവ്യത്യാസത്തിന്റെ ഗുണിതമാകും.

  പൊതുവ്യത്യാസമായ 6 ന്റെ ഗുണിതമല്ല 100. അതിനാൽ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം 100 ആകില്ല. (1)

**5. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം പൊതുവ്യത്യാസത്തിന്റെയും പദസ്ഥാനങ്ങളുടെ വ്യത്യാസത്തിന്റെയും ഗുണന ഫലമായിരിക്കും.
- സമാന്തരശ്രേണിയുടെ പൊതുവ്യത്യാസവും, ഒരു പദവും അതിന്റെ പദസ്ഥാനവും ഉപയോഗിച്ച് മറ്റേതൊരു പദവും കണക്കാക്കാം.

ഒരു സമാന്തരശ്രേണിയുടെ 7-ാം പദം 34 ഉം 15-ാം പദം 66 ഉം ആണ്.

(a) ശ്രേണിയുടെ പൊതുവ്യത്യാസം എത്ര?

(b) ശ്രേണിയുടെ 20-ാം പദം എത്ര?

(സ്കോർ: 3, സമയം: 5 മിനിട്ട്)

**■ ഉത്തര സൂചിക**

(a) 7-ാം പദത്തിന്റെ കൂടെ 8 തവണ പൊതുവ്യത്യാസം കൂട്ടിയാൽ 15-ാം പദം കിട്ടും.

$x_{15} = x_7 + 8d$ (1)

$66 = 34 + 8d$

$8d = 66 - 34 = 32$

$d = \frac{32}{8} = 4$ (1)

SCERT Kerala

(b) 15-ാം പദത്തിന്റെ കൂടെ 5 തവണ പൊതുവ്യത്യാസം കൂട്ടിയാൽ 20-ാം പദം കിട്ടും.

$$x_{20} = x_{15} + 5d$$
$$= 66 + 5 \times 4 = 86 \quad (1)$$

## 6. പഠനനേട്ടം

- സമാന്തര ശ്രേണിയിലെ പദങ്ങളും പദസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ബീജഗണിത രീതിയിൽ എഴുതുന്നു.
- സമാന്തര ശ്രേണിയുടെ ബീജഗണിതത്തിൽ നിന്നും നിശ്ചിത സ്ഥാനത്തുള്ള പദങ്ങൾ കണ്ടെത്തുന്നു.

$\frac{17}{7}, \frac{20}{7}, \frac{23}{7}$ എന്ന സമാന്തരശ്രേണിയുടെ,

(a) ബീജഗണിത രൂപം എഴുതുക.

(b) ഈ ശ്രേണിയിലെ എണ്ണൽസംഖ്യകളായ പദങ്ങളുടെ ശ്രേണി എഴുതുക ഇതൊരു സമാന്തരശ്രേണിയാണോ?

(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തര സൂചിക**

(a) പൊതുവ്യത്യാസം = $\frac{20}{7} - \frac{17}{7} = \frac{3}{7}$ (1)

ശ്രേണിയുടെ ബീജഗണിതരൂപം = $\frac{17}{7} + (n-1)\frac{3}{7}$

$$x_n = \frac{3}{7}n + \frac{17}{7} - \frac{3}{7}$$

$$\frac{3}{7}n + 2 \quad (1)$$

(b)
$$x_n = \frac{3}{7}n + 2$$
$$x_7 = \frac{3}{7} \times 7 + 2 = 5$$
$$x_{14} = \frac{3}{7} \times 14 + 2 = 8$$
$$x_{21} = \frac{3}{7} \times 21 + 2 = 11$$

$x_n = \frac{3}{7} \times n + 2$ എന്നതിൽ

$n$ ന് പകരം 7 ന്റെ ഗുണിതങ്ങളായ വിലകൾ നൽകുമ്പോൾ

$$x_n = \frac{3}{7} \times 7m + 2$$
$= 3m + 2$ എന്നു കിട്ടും.

അതിനാൽ 5, 8, 11, ... എന്ന ശ്രേണി പൊതുവ്യത്യാസം 3 ആയ ഒരു സമാന്തര ശ്രേണിയാണ്. (1)

**7. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ പദങ്ങളും പദസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ബീജഗണിതം ഉപയോഗിച്ച് എഴുതുന്നു.
- ശ്രേണിയുടെ ബീജഗണിതരൂപത്തിൽ നിന്നും നിശ്ചിത പദങ്ങൾ കണ്ടെത്തുന്നു.

$\frac{17}{7}, \frac{31}{7}, \frac{45}{7}, \ldots$ എന്ന സമാന്തരശ്രേണിയുടെ

(a) ബീജഗണിതരൂപം എഴുതുക

(b) ഈ ശ്രേണിയിൽ എണ്ണൽസംഖ്യകളായ പദങ്ങൾ ഉണ്ടാകുമോ? ഉത്തരം സമർത്ഥിക്കുക.

(സ്കോർ: 3, സമയം: 6 മിനിട്ട്)

**■ ഉത്തര സൂചിക**

(a) പൊതുവ്യത്യാസം $= \frac{31}{7} - \frac{17}{7} = \frac{14}{7} = 2$ (1)

ശ്രേണിയുടെ ബീജഗണിതരൂപം $= \frac{17}{7} + (n-1)\,2$

$= 2n + \frac{17}{7} - 2$

$= 2n + \frac{3}{7}$ (1)

(b) $n$ ഏത് എണ്ണൽസംഖ്യയായാലും $2n$ ഒരു എണ്ണൽസംഖ്യയായിരിക്കും അതിന്റെ കൂടെ $\frac{3}{7}$ കൂട്ടിയാൽ ഭിന്നസംഖ്യയുമായിരിക്കും. അതിനാൽ ഈ ശ്രേണിയിൽ എണ്ണൽസംഖ്യാപദമില്ല. (1)

**8. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയിലെ ഏതു രണ്ടു പദങ്ങളുടെയും വ്യത്യാസം, പദസ്ഥാനങ്ങളുടെ വ്യത്യാസത്തിന്റെയും, പൊതുവ്യത്യാസത്തിന്റെയും ഗുണനഫലമായിരിക്കും.

$x_n$ ഒരു സമാന്തരശ്രേണിയുടെ $n$-ാം പദമാണ്. $x_a, x_b, x_c, \ldots$ ഒരു സമാന്തരശ്രേണി ആയാൽ $a, b, c, \ldots$ ഒരു സമാന്തരശ്രേണിയായിരിക്കും എന്നു സമർഥിക്കുക.

(സ്കോർ: 4, സമയം: 8 മിനിട്ട്)

**■ ഉത്തര സൂചിക**

- സമാന്തരശ്രേണിയുടെ പൊതുവ്യത്യാസം $d$ ആയാൽ,

$x_n - x_m = (n - m)d$ ആയിരിക്കും.

ആയതിനാൽ $x_b - x_a = (b - a)d$ (1)

$x_c - x_b = (c - b)d$ (1)

$x_a, x_b, x_c, \ldots$ ഒരു സമാന്തരശ്രേണിയായതിനാൽ,

$x_b - x_a = x_c - x_b$

അതായത് $(b - a)\,d = (c - b)d$ (1)

$b - a = c - b$

അതായത് $a, b, c, \ldots$ ഒരു സമാന്തരശ്രേണിയിലാണ്. (1)

SCERT Kerala

## 9. പഠനനേട്ടം

- സമാന്തരശ്രേണിയുടെ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം പൊതുവ്യത്യാസ ത്തിന്റെയും, പദസ്ഥാനങ്ങൾ തമ്മിലുള്ള വ്യത്യാസത്തിന്റെയും ഗുണനഫലത്തിന് തുല്യമായിരിക്കും.
- സമാന്തരശ്രേണിയുടെ പൊതുവ്യത്യാസവും ഒരു പദവും പദസ്ഥാനവും ഉപയോ ഗിച്ച് മറ്റേത് പദവും കണക്കാക്കാം.

ഒരു സമാന്തരശ്രേണിയുടെ 6-ാം പദം 14 ഉം 14-ാം പദം 6 ഉം ആയാൽ ശ്രേണിയുടെ 20-ാം പദം എത്രയായിരിക്കും.

(സ്കോർ: 2, സമയം: 3 മിനിട്ട്)

■ **ഉത്തര സൂചിക**

$x_6 = 14;\ x_{14} = 6$

$x_{14} - x_6 = (14 - 6)\,d$

$6 - 14 = 8d$

$d = -1$ (1)

20-ാം പദം = 14 -ാം പദം + $6d$

$= 6 + 6 \times -1 = 0$ (1)

## 10. പഠനനേട്ടം

- സമാന്തരശ്രേണിയുടെ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം പദസ്ഥാനങ്ങൾ തമ്മി ലുള്ള വ്യത്യാസത്തിന്റെയും പൊതുവ്യത്യാസത്തിന്റെയും ഗുണനഫലത്തിന് തുല്യ മായിരിക്കും.
- ഒരു പദവും, പദസ്ഥാനവും പൊതുവ്യത്യാസവും കിട്ടിയാൽ ശ്രേണിയുടെ ഏത് പദവും കണക്കാക്കാം.

ഒരു സമാന്തരശ്രേണിയുടെ $m$-ാംപദം $n$ ഉം $n$-ാംപദം $m$ ഉം ആണ്

(a) ശ്രേണിയുടെ പൊതുവ്യത്യാസം എത്ര?

(b) ശ്രേണിയുടെ $(m + n + p)$ -ാം പദം $-p$ ആണെന്ന് സമർഥിക്കുക.

(സ്കോർ: 3, സമയം: 7 മിനിട്ട്)

■ **ഉത്തര സൂചിക**

(a) $x_m = n;\ x_n = m$

$x_m - x_n = (m - n)\,d$ (1)

$n - m = (m - n)\,d$

$d = \frac{n \quad m}{m \quad n} \quad \frac{m \quad n}{m \quad n} \quad 1$ (1)

(b) $x_{m+n+p} = x_m + (m + n + p - m)\,d$

$= n + (n + p) \times -1$

$= n - n - p = -p$ (1)



SCERT Kerala

**11. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ പൊതുവ്യത്യാസവും, ഒരു പദവും പദസ്ഥാനവും കിട്ടിയാൽ മറ്റേതൊരു പദവും കണക്കാക്കാം.

ഒരു സമാന്തരശേണിയുടെ 5-ാം പദത്തിന്റെ 5 മടങ്ങ്, 8-ാം പദത്തിന്റെ 8 മടങ്ങിന് തുല്യമായാൽ ശ്രേണിയുടെ 13-ാം പദം എത്രയായിരിക്കും?

(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തര സൂചിക**

- 5-ാം പദം, $x_5$
- 8-ാം പദം, $x_5 + 3d$ (1)

$5x_5 = 8(x_5 + 3d)$ (1)

$5x_5 = 8x_5 + 24d$

$-3x_5 = 24d$ (1)

$x_5 = -8d$

13-ാം പദം $x_5 + 8d = -8d + 8d = 0$ (1)

**12. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ ബീജഗണിതരൂപത്തിൽ നിന്നും ശ്രേണിയിലെ പദങ്ങളുടെ പ്രത്യേകതകൾ കണ്ടെത്താം.

7, 11, 15, ... എന്ന സമാന്തരശ്രേണിയിൽ ഒരു പൂർണവർഗവും പദമാകില്ല എന്ന് സമർഥിക്കുക.

(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തര സൂചിക**

- 7, 11, 15, ... എന്ന സമാന്തരശ്രേണിയുടെ ബീജഗണിതരൂപം
  $x_n = 4n + 7 - 4 = 4n + 3$

ഈ ശ്രേണിയിലെ പദങ്ങളെ 4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 3 ആണ്. (1)

4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 3 തരുകയും 7 നെക്കാൾ വലിയ എല്ലാ എണ്ണൽസംഖ്യകളും ഈ ശ്രേണിയിലെ പദങ്ങളാകും. (1)

ഏതൊരു എണ്ണൽസംഖ്യയും $4n$, $4n \pm 1$, $4n \pm 2$ എന്ന രൂപത്തിൽ എഴുതാം.

$(4n)^2 = 16n^2$

$(4n \pm 1)^2 = 16n^2 \pm 8n + 1$

$(4n \pm 2)^2 = 16n^2 \pm 16n + 4$ (1)

$(4n)^2$, $(4n \pm 2)^2$ എന്നിവയെ 4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം പൂജ്യമാണ്. $(4n \pm 1)^2$ നെ 4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 1 ആണ്.

അതായത് ഏതൊരു പൂർണവർഗത്തെയും 4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 0 അല്ലെങ്കിൽ 1 ആണ് കിട്ടുക.

SCERT Kerala

7, 11,15 . . . എന്ന സമാന്തര ശ്രേണിയിലെ പദങ്ങളെ 4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 3 ആണ് കിട്ടുന്നത്. അതിനാൽ ഈ ശ്രേണിയിൽ പൂർണവർഗങ്ങളായ പദങ്ങൾ ഇല്ല. (1)

## 13. പഠനനേട്ടം

- സമാന്തരശ്രേണിയുടെ ബീജഗണിതരൂപത്തിൽ നിന്നും ശ്രേണിയിലെ പദങ്ങളുടെ പ്രത്യേകത കണ്ടെത്താം.

**?** ഒരു സമാന്തരശ്രേണിയുടെ ബീജഗണിത രൂപം $5n + b$ ആണ്. ഈ ശ്രേണിയിൽ പൂർണവർഗങ്ങളൊന്നും പദമല്ലെങ്കിൽ $b$ ആകാവുന്ന 5 നേക്കാൾ കുറഞ്ഞ എണ്ണൽ സംഖ്യകൾ ഏതൊക്കെ?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തര സൂചിക**

- ഏതൊരു എണ്ണൽസംഖ്യയും $5n, 5n \pm 1, 5n \pm 2$ എന്ന രൂപത്തിൽ ആയിരിക്കും.
  $(5n)^2 = 25n^2$, 5 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം = 0 (1)

  $(5n \pm 1)^2 = 25n^2 \pm 10n + 1$, 5 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം = 1 (1)

  $(5n \pm 2)^2 = 25n^2 \pm 20n + 4$, 5 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം = 4 (1)

  അതായത് ഏതു പൂർണവർഗങ്ങളെയും 5 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 0, 1, 4 എന്നിവയാണ് കിട്ടുക. 2, 3 എന്നിവ ശിഷ്ടം ആകില്ല.

  $5n + b$ എന്ന ശ്രേണിയിൽ പൂർണവർഗമില്ലെങ്കിൽ $b$ ആകാവുന്ന സംഖ്യകൾ 2, 3 എന്നിവയായിരിക്കും. (1)

## 14. പഠനനേട്ടം

- സമാന്തരശ്രേണിയുടെ ബീജഗണിത രൂപത്തിൽ നിന്നും പദങ്ങളുടെ പ്രത്യേകതകൾ കണ്ടെത്താം.

**?** 10, 16, 22, ... എന്ന സമാന്തരശ്രേണിയിലെ ഏതെങ്കിലും രണ്ടു പദങ്ങളുടെ തുക ഇതേ ശ്രേണിയിലെ പദമാകുമോ? ഉത്തരം സമർഥിക്കുക. പദങ്ങളുടെ വ്യത്യാസമോ?

(സ്കോർ: 5, സമയം: 9 മിനിട്ട്)

**ഉത്തര സൂചിക**

- ശ്രേണിയുടെ ബീജഗണിത രൂപം, $x_n = 6n + 4$
  ശ്രേണിയിലെ പദങ്ങളെ 6 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 4 ആണ്. (1)

$$n\text{-ാം പദം, } x_n = 6n + 4$$

$$m\text{-ാം പദം, } x_m = 6m + 4$$

$$x_n + x_m = 6n + 4 + 6m + 4 \quad (1)$$

$$= 6(n + m) + 8 = 6(n + m) + 6 + 2$$

അതായത് $x_n + x_m$ നെ 6 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 2 കിട്ടും. അതിനാൽ $x_n + x_m$ ഈ ശ്രേണിയിലെ പദമല്ല. (1)

അതുപോലെ $x_n - x_m = (6n + 4) - (6m + 4)$

$$= 6n - 6m = 6(n - m) \quad (1)$$

$x_n - x_m$ നെ 6 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 0 ആണ്. അതിനാൽ $x_n - x_m$ ഈ ശ്രേണിയിലെ പദമല്ല. (1)

SCERT Kerala

**15. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ ബീജഗണിതരൂപത്തിൽ നിന്നും ശ്രേണിയിലെ പദങ്ങളുടെ പ്രത്യേകത കണ്ടെത്താം.

7, 11, 15, ... എന്ന സമാന്തര ശ്രേണിയിലെ പദങ്ങളുടെ വർഗങ്ങൾ ഒന്നും ഈ ശ്രേണിയിലെ പദങ്ങളാകില്ല എന്നു സമർഥിക്കുക.

(സ്കോർ: 3, സമയം: 6 മിനിട്ട്)

**ഉത്തര സൂചിക**

- ശ്രേണിയുടെ ബീജഗണിതരൂപം $= 4n + 3$. (1)
  ഈ ശ്രേണിയിലെ പദങ്ങളെ 4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 3 കിട്ടും.

  $$x_n^2 = (4n + 3)^2 = 16n^2 + 24n + 9$$
  $$= 16n^2 + 24n + 8 + 1 \quad (1)$$

  $x_n^2$ നെ 4 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 1 കിട്ടുന്നു. അതിനാൽ $x_n^2$ ഈ ശ്രേണിയിലെ പദമാകില്ല. (1)

**16. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ പൊതുവ്യത്യാസവും ഒരു പദവും ഉപയോഗിച്ച് ബീജഗണിത രൂപം കണ്ടെത്താം.
- ബീജഗണിതരൂപം ഉപയോഗിച്ച് പദങ്ങളുടെ പദസ്ഥാനം കണക്കാക്കാം.

5, 12, 19, ... എന്ന സമാന്തരശ്രേണിയുടെ എത്രാമത്തെ പദമാണ് 110?

(സ്കോർ: 2, സമയം: 4 മിനിട്ട്)

**ഉത്തര സൂചിക**

- പൊതുവ്യത്യാസം = 7
  ആദ്യ പദത്തിന്റെ കൂടെ $n$ തവണ പൊതുവ്യത്യാസം കൂട്ടിയാൽ 110 കിട്ടുന്നു എങ്കിൽ,

  $$5 + 7n = 110 \quad (1)$$
  $$7n = 110 - 5 = 105$$
  $$n = \frac{105}{7} = 15$$

  അതായത് $x_1 + 15\,d = 110 = x_{16}$ (1)

അതായത് ശ്രേണിയുടെ 16-ാം പദമാണ് 110

**17. പഠനനേട്ടം**

- ബീജഗണിതം ഉപയോഗിച്ച് ശ്രേണികളെ താരതമ്യം ചെയ്യുന്നു.

11, 19, 27, ...

50, 55, 60, ...

എന്നിവ രണ്ടു സമാന്തരശ്രേണികളാണ്. ഈ ശ്രേണികളുടെ ഒരേ പദസ്ഥാനത്ത് ഏതെങ്കിലും സംഖ്യ പൊതുവായ പദമാകുമോ? ഉണ്ടങ്കിൽ പദസ്ഥാനമേത്? പദ മേത്?

(സ്കോർ: 4, സമയം: 8 മിനിട്ട്)

SCERT Kerala

**ഉത്തര സൂചിക**

- 11, 19, 27, ... ന്റെ $x_n = 8n + 11 - 8 = 8n + 3$ (1)
- 50, 55, 60, ... ന്റെ $x_n = 5n + 50 - 5 = 5n + 45$ (1)

രണ്ടു ശ്രേണികളുടെയും $n$ -ാം പദങ്ങൾ തുല്യമായാൽ,

$$8n + 3 = 5n + 45 \quad (1)$$

$$8n - 5n = 45 - 3 = 42$$

$$3n = 42$$

$$n = \frac{42}{3} = 14 \quad (1)$$

രണ്ടു ശ്രേണികളുടെയും 14-ാം പദങ്ങൾ തുല്യമാണ്.

14-ാം പദം = $8 \times 14 + 3 = 112 + 3 = 115$

**18. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ ബീജഗണിതം ഉപയോഗിച്ച്, ശ്രേണിയിലെ പദങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.

? $-74, -68, -62$, ... എന്ന സമാന്തരശ്രേണിയിൽ ന്യൂനസംഖ്യകളായ എത്ര പദങ്ങൾ ഉണ്ട്? ആദ്യത്തെ അധിസംഖ്യയായ പദമേത്?

(സ്കോർ: 5, സമയം: 9 മിനിട്ട്)

**■ ഉത്തര സൂചിക**

- പൊതുവ്യത്യാസം = 6
- ശ്രേണിയുടെ ബീജഗണിതരൂപം = $6n + -74 - 6$

$$x_n = 6n - 80 \quad (1)$$

പൂജ്യം ഈ ശ്രേണിയിലെ പദമായാൽ $6n - 80 = 0$

$$6n = 80 \quad (1)$$

$$n = \frac{80}{6} = 13 + \frac{2}{6} \quad (1)$$

ഇവിടെ $n$ ഒരു എണ്ണൽസംഖ്യയാകുന്നില്ല. അതിനാൽ പൂജ്യം ഈ ശ്രേണിയിലെ പദമല്ല. എന്നാൽ പൂജ്യം വരെ ഈ ശ്രേണിയിൽ 13 പദങ്ങൾ ഉണ്ട്.

അതായത് ഈ ശ്രേണിയിൽ ന്യൂനസംഖ്യകളായ 13 പദങ്ങൾ ഉണ്ട്. (1)

ആദ്യത്തെ അധിസഖ്യാപദം $= x_{14}$

$= 6 \times 14 - 80$

$= 84 - 80 = 4$ (1)

**19. പഠനനേട്ടം**

- ബീജഗണിതം ഉപയോഗിച്ച് ശ്രേണിയിലെ പദങ്ങളുടെ പ്രത്യേകത കണ്ടെത്തുന്നു. ശ്രേണിയിലെ പദങ്ങളെ തിരിച്ചറിയുന്നു.

? 9, 16, 23, ... എന്ന സമാന്തരശ്രേണിയിലെ ഏതെങ്കിലും രണ്ടു പദങ്ങളുടെ ഗുണനഫലം ഇതേ ശ്രേണിയിലെ പദമാകുമോ? ഉത്തരം സമർഥിക്കുക.

(സ്കോർ: 4, സമയം: 8 മിനിട്ട്)

SCERT Kerala

■ **ഉത്തര സൂചിക**

- $9, 16, 23, \ldots$ എന്ന സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $= 7n + 2$ (1)

  ഈ ശ്രേണിയിലെ രണ്ടു പദങ്ങൾ $7n + 2, 7m + 2$ (1)

  $(7n + 2)(7m + 2) = 49mn + 14n + 14m + 4$ (1)

  $(7n + 2)(7m + 2)$ നെ 7 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 4 കിട്ടും. എന്നാൽ ശ്രേണിയിലെ പദങ്ങളെ 7 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 2 ആണ് കിട്ടുന്നത്. അതിനാൽ രണ്ട് പദങ്ങളുടെ ഗുണനഫലം ഈ ശ്രേണിയിലെ പദമല്ല. (1)

**20. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ തുടർച്ചയായ മൂന്നു പദങ്ങളിൽ ഒന്നാമത്തെയും മൂന്നാമത്തെയും പദങ്ങളുടെ തുക രണ്ടാംപദത്തിന്റെ ഇരട്ടിയായിരിക്കും.

? $2x + 1, 4x - 1, 5x + 1, \ldots$ എന്ന സമാന്തരശ്രേണിയിൽ

(a) $x$ എത്ര?

(b) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

(c) ഈ ശ്രേണിയിലെ എത്രാം പദമാണ് 195

(സ്കോർ: 4, സമയം: 7 മിനിട്ട്)

■ **ഉത്തര സൂചിക**

- $a, b, c$ ഒരു സമാന്തരശ്രേണിയുടെ തുടർച്ചയായ മൂന്നു പദങ്ങളായാൽ, $2b = a + c$ ആയിരിക്കും

  അതായത്
  $2(4x - 1) = 2x + 1 + 5x + 1$ (1)

  $8x - 2 = 7x + 2$

  $8x - 7x = 2 + 2$

  $x = 4$ (1)

ശ്രേണി: 9, 15, 21, ...

ശ്രേണിയുടെ ബീജഗണിതരൂപം, $x_n = 6n + 3$

$6n + 3 = 195$ (1)

$6n = 195 - 3$

$= 192$

$n = \frac{192}{6}$

$= 32$ (1)

32 -ാം പദമാണ് 195.

**21. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ പദങ്ങളുടെ എണ്ണം ഒറ്റസംഖ്യയായാൽ, പദങ്ങളുടെ തുകയെ പദങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ചാൽ മധ്യപദം കിട്ടും.

? ഒമ്പത് വശങ്ങൾ ഉള്ള ബഹുഭുജത്തിന്റെ കോണുകൾ സമാന്തരശ്രേണിയിലാണ്. ഈ ബഹുഭുജത്തിന്റെ ഏറ്റവും ചെറിയ കോൺ $100^{\circ}$ ആകുമോ? ഉത്തരം സമർഥിക്കുക.

(സ്കോർ: 5, സമയം: 10 മിനിട്ട്)

SCERT Kerala

■ **ഉത്തര സൂചിക**

ഒമ്പത് വശങ്ങൾ ഉള്ള ബഹുഭുജത്തിന്റെ കോണുകളുടെ തുക $= 7 \times 180$ (1)

സമാന്തരശ്രേണിയുടെ 5-ാം പദം $\frac{7 \times 180}{9} = 140$ (1)

ആദ്യപദം $100^o$ ആയാൽ,

$x_5 = x_1 + 4d$

$140 = 100 + 4d$

$d = 10$ (1)

9-ാം കോൺ, $x_9 = x_5 + 4d$

$140 + 4 \times 10 = 180$ (1)

$180^o$ ഒരു ബഹുഭുജത്തിന്റെ കോൺ ആകില്ല. അതിനാൽ ഏറ്റവും ചെറിയ കോൺ $100^o$ ആകുന്നില്ല (1)

## 22. പഠനനേട്ടം

- 1 മുതൽ തുടർച്ചയായ $n$ എണ്ണൽസംഖ്യകളുടെ തുക $\frac{n(n \quad 1)}{2}$ ആയിരിക്കും.

(a) ആദ്യത്തെ 25 എണ്ണൽസംഖ്യകളുടെ തുക എത്ര?

(b) ആദ്യത്തെ 25 ഇരട്ടസംഖ്യകളുടെ തുക എത്ര?

(c) ആദ്യത്തെ 25 ഒറ്റസംഖ്യകളുടെ തുക എത്ര?

(സ്കോർ: 4, സമയം: 9 മിനിട്ട്)

SCERT Kerala

■ **ഉത്തര സൂചിക**

(a) $1 + 2 + 3 + .....+ 25 = \frac{25 \times 26}{2} = 25 \times 13 = 325$ (1)

(b) $2 + 4 + 6 + .....+ 50 = 2\,(1 + 2 + 3 + ... + 25) = 2 \times \frac{25 \times 26}{2} = 650$ (1)

(c) $1 + 3 + 5 \,.\,.\,. + 49 = (2 - 1) + (4 - 1) + (6 - 1) + \,.\,.\,....... + (50 - 1)$

$2 + 4 + 6 + .....+ 50 - (1 + 1 + \,.\,.\,. + 1)$ (1)

$= 2\,(1 + 2 + 3 + \,.\,.\,. + 25) - (1 \times 25)$

$= 650 - 25 = 625$ (1)

## 23. പഠനനേട്ടം

- തുടർച്ചയായ $n$ എണ്ണൽസംഖ്യകളടെ തുക $\frac{n(n \quad 1)}{2}$ ആയിരിക്കും.

ആദ്യത്തെ $n$ ഒറ്റസംഖ്യകളുടെ തുക $n^2$ ആണെന്ന് തെളിയിക്കുക.

(സ്കോർ: 4, സമയം: 7 മിനിട്ട്)

■ **ഉത്തര സൂചിക**

- $1 + 2 + 3 + ... + n = \frac{n(n \quad 1)}{2}$ (1)
- $1 + 3 + 5 + ... + 2n - 1 = (2 - 1) + (4 - 1) + (6 - 1) + ... (2n - 1)$ (1)

$= (2 + 4 + 6 ... + 2n) - \underbrace{(1 \quad 1 \quad 1 \quad ... \quad 1)}_{n \text{ തവണ}}$

$$= 2(1+2+3 \ldots + n) - (1 \times n) \quad (1)$$

$$= 2\frac{n(n\quad 1)}{2} - n = n^2 + n - n = n^2 \quad (1)$$

**24. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ $n$-ാം പദം $an + b$ ആയാൽ ആദ്യത്തെ $n$ പദങ്ങളുടെ തുക $\frac{an(n+1)}{2} + bn$ ആയിരിക്കും

5, 8, 11, ... എന്ന സമാന്തരശ്രേണിയുടെ ആദ്യത്തെ 25 പദങ്ങളുടെ തുക എത്ര?

(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തര സൂചിക**

- 5, 8, 11, ... എന്ന സമാന്തരശ്രേണിയുടെ

$n$ -ാം പദം, $x_n = 3n + 2$ (1)

$$x_1 = 3 \times 1 + 2$$

$$x_2 = 3 \times 2 + 2$$

$$x_3 = 3 \times 3 + 2$$

$$x_{25} = 3 \times 25 + 2 \quad (1)$$

$$x_1 + x_2 + \ldots x_{25} = 3(1 + 3 + \ldots + 25) + 2 \times 25 \quad (1)$$

$$= 3 \times \frac{25\quad 26}{2} + 50 \quad (1)$$

$$= 1025$$

**25. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം പൊതുവ്യത്യാസ ത്തിന്റെയും, സ്ഥാനവ്യത്യാസത്തിന്റെയും ഗുണനഫലമാണ്.
- ആദ്യ പദം $x_1$ ഉം $n$-ാം പദം $x_n$ ഉം ആയ സമാന്തരശ്രേണിയുടെ ആദ്യത്തെ $n$ പദങ്ങളുടെ തുക $\frac{n}{2}(x_1 + x_n)$ ആയിരിക്കും.

ഒരു സമാന്തരശ്രേണിയുടെ 6-ാംപദം 40, 9-ാംപദം 58

(a) ശ്രേണിയുടെ 25-ാം പദം എത്ര?

(b) ആദ്യത്തെ 25 പദങ്ങളുടെ തുക എത്ര?

(c) ആദ്യത്തെ $n$ പദങ്ങളുടെ തുക എത്ര?

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തര സൂചിക**

(a)

$$x_9 = x_6 + 3d \quad (1)$$

$$58 = 40 + 3d$$

$$3d = 58 - 40 = 18$$

$$d = 6$$

SCERT kerala

$x_1 = x_6 - 5d = 40 - 5 \times 6 = 10$ (1)

$x_{25} = x_6 + 19d = 40 + 19 \times 6 = 154$ (1)

(b)ആദ്യത്തെ 25 പദങ്ങളുടെ തുക = $\frac{25}{2}(x_1 + x_{25})$

$= \frac{25}{2}(10 + 154))$

$= \frac{25}{2} \times 164 = 2050$ (1)

(c) $n$ -ാം പദം, $x_n = 6n + 4$

ആദ്യത്തെ $n$ പദങ്ങളുടെ തുക = $\frac{n}{2}(x_1 + x_n)$

$= \frac{n}{2}(10 + 6n + 4)$

$= n(3n + 7)$

$= 3n^2 + 7n$ (1)

**26. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ $n$-ാം പദം $an + b$ ആയാൽ ആദ്യത്തെ $n$ പദങ്ങളുടെ തുക $\frac{an(n\ \ 1)}{2} + bn$ ആയിരിക്കും.

SCERT Kerala

ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $6n + 3$ ആണ് ശ്രേണിയുടെ,

(a) ആദ്യത്തെ 20 പദങ്ങളുടെ തുക എത്ര?

(b) തുകയുടെ ബീജഗണിതരൂപം എഴുതുക.

(സ്കോർ: 5, സമയം: 9 മിനിട്ട്)

■ **ഉത്തര സൂചിക**

$x_n = 6n + 3$ (1)

(a) ആദ്യത്തെ 20 പദങ്ങളുടെ തുക = $\frac{6\ \ 20\ \ 21}{2} + 3 \times 20$ (1)

$= 1260 + 60 = 1320$ (1)

(b) ആദ്യത്തെ $n$ പദങ്ങളുടെ തുക $\frac{6n\ \ n\ \ 1}{2} + 3 \times n$ (1)

$= 3n^2 + 3n + 3n$

$= 3n^2 + 6n$ (1)

**27. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ $n$ -ാംപദം $an + b$ ആയാൽ ആദ്യത്തെ $n$ പദങ്ങളുടെ തുക $\frac{an(n\ \ 1)}{2} + bn$ ആയിരിക്കും.

(a) 1 മുതൽ 20 വരെയുള്ള എണ്ണൽസംഖ്യകളുടെ തുക എത്ര?

(b) പൊതുവ്യത്യാസം 7 ആയ സമാന്തരശ്രേണിയുടെ ആദ്യത്തെ 20 പദങ്ങളുടെ തുക 1530 ആണ്. ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തര സൂചിക**

(a) $1 + 2 + 3 + ... + 20 = \frac{20 \times 21}{2} = 210$ (1)

(b) പൊതുവ്യത്യാസം 7 ആയ സമാന്തരശ്രേണിയുടെ, $x_n = 7n + b$ ആയാൽ,

ആദ്യത്തെ 20 പദങ്ങളുടെ തുക $= 7 \times 210 + b \times 20 = 1530$ (1)

$1470 + b \times 20 = 1530$

$20b = 60$ (1)

$b = 3$

ശ്രേണിയുടെ ബീജഗണിത രൂപം $= 7n + 3$ (1)

## 28. പഠനനേട്ടം

- ഒരു സമാന്തരശ്രേണിയുടെ $n$ -ാം പദം $an+b$ ആയാൽ ആദ്യത്തെ $n$ പദങ്ങളുടെ തുക $\frac{an(n+1)}{2}+bn$ ആയിരിക്കും.

ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 10 പദങ്ങളുടെ തുക 250, ആദ്യത്തെ 16 പദങ്ങളുടെ തുക 592.

(a) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

(b) തുകയുടെ ബീജഗണിതരൂപം എഴുതുക

(സ്കോർ: 5, സമയം: 10 മിനിട്ട്)

■ **ഉത്തര സൂചിക**

(a) ശ്രേണിയുടെ ബീജഗണിതരൂപം, $x_n = an + b$

ആദ്യത്തെ 10 പദങ്ങളുടെ തുക, $a \times \frac{10 \times 11}{2} + b \times 10 = 250$

$\frac{11}{2}a + b = 25$ ______ (1) (1)

ആദ്യത്തെ 16 പദങ്ങളുടെ തുക, $a \times \frac{16 \times 17}{2} + b \times 16 = 592$

$\frac{17}{2}a + b = 37$ ______ (2) (1)

$(2) - (1) \Rightarrow 3a = 12$

$a = 4$ (1)

$\Rightarrow \frac{11}{2} \times 4 + b = 25$

$b = 3$ (1)

ശ്രേണിയുടെ ബീജഗണിതരൂപം, $x_n = an + b$

$= 4n + 3$ (1)

(b) തുകയുടെ ബീജഗണിതരൂപം, $= \frac{an(n+1)}{2} + bn$

SCERT Kerala

$$= \frac{4n(n+1)}{2} + 3n$$

$$= 2n\ (n + 1) + 3n$$

$$= 2n^2 + 2n + 3n$$

$$= 2n^2 + 5n \qquad (1)$$

**29. പഠനനേട്ടം**

- ഒരു സമാന്തരശ്രേണിയുടെ $n$- ാം പദം $an + b$ ആയാൽ ആദ്യത്തെ $n$ പദങ്ങളുടെ തുക $\frac{an(n\quad 1)}{2} + bn$ ആയിരിക്കും.

ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ $(n + 1)$ പദങ്ങളുടെ തുക $pn^2 + qn + r$ ആയാൽ $p + r = q$ ആണെന്ന് തെളിയിക്കുക.

ചുവടെ തന്നിരിക്കുന്നവയിൽ ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ $(n + 1)$ പദങ്ങളുടെ തുകയാകുന്ന ബഹുപദം ഏത്?

a) $2n^2 + 3n + 4$ b) $2n^2 + 3n + 1$

(സ്കോർ: 5, സമയം: 10 മിനിട്ട്)

**ഉത്തര സൂചിക**

- സമാന്തരശ്രേണിയുടെ $n$ -ാം പദം, $x_n = an + b$ (1)
- ആദ്യത്തെ $(n + 1)$ പദങ്ങളുടെ തുക $= \frac{a(n+1)(n+2)}{2} + b\ (n + 1)$ (1)

$$= \frac{a}{2}(n^2 + 3n + 2) + bn + b$$

$$= \frac{a}{2}n^2 + (\frac{3}{2}a + b)\, n + a + b$$

$$= pn^2 + q\, n + r$$

$$p = \frac{a}{2},\ q = \frac{3}{2}a + b,\ r = a + b$$

$$p + r = \frac{a}{2} + a + b = \frac{3}{2}a + b = q \qquad (1)$$

$$p + r = q$$

(a) $2n^2 + 3n + 4$ ൽ $2+4 \neq 3$. അതിനാൽ $2n^2 + 3n + 4$ എന്ന ബഹുപദം സമാന്തരശ്രേണിയുടെ ആദ്യത്തെ $(n + 1)$ പദങ്ങളുടെ തുകയാകില്ല. (1)

(b) $2n^2 + 3n + 1$ ൽ $2 + 1 = 3$

$2n^2 + 3n + 1$ എന്ന ബഹുപദം സമാന്തരശ്രേണിയുടെ ആദ്യത്തെ $(n + 1)$ പദങ്ങളുടെ തുകയാകും. (1)

**30. പഠനനേട്ടം**

- സമാന്തരശ്രേണിയുടെ രണ്ടു പദങ്ങളും അവയുടെ പദസ്ഥാനവും ഉപയോഗിച്ച് നിശ്ചിത പദങ്ങളുടെ തുക കണക്കാക്കുന്ന രീതി വിശദീകരിക്കുന്നു.

SCERT Kerala

ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ ഒമ്പത് പതങ്ങളുടെ തുക 261, അടുത്ത ആറു പദങ്ങളുടെ തുക 444.

a) ആദ്യത്തെ പദവും പൊതുവ്യത്യാസവും കാണുക.

b) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

c) തുകയുടെ ബീജഗണിതരൂപം എഴുതുക.

(സ്കോർ: 5, സമയം: 6 മിനിട്ട്)

**ഉത്തര സൂചിക**

a) ആദ്യത്തെ ഒമ്പത് പദങ്ങളുടെ തുക = 261

മധ്യപദം, 5-ാംപദം, $x_5 = \frac{261}{9} = 29$ (1)

ആദ്യത്തെ പതിനഞ്ച് പദങ്ങളുടെ തുക $= 261 + 444 = 705$ (1)

മധ്യപദം, 8-ാംപദം, $x_8 = \frac{705}{15} = 47$

$x_8 = x_5 + 3d$

$3d = x_8 - x_5 = 47 - 29 = 18$

$d = \frac{18}{3} = 6$ (1)

$x_1 = x_5 - 4d = 29 - 4 \times 6 = 5$ (1)

b) $x_n = 6n - 1$

c) $s_n = 3n^2 + 2n$ (1)

## 31. പഠനനേട്ടം

- സമാന്തരശ്രേണിയുടെ നിശ്ചിത പദങ്ങളുടെ തുകയിൽനിന്നും ശ്രേണി രൂപീകരിക്കുന്ന രീതി കണ്ടെത്തുന്നു.

ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 10 പദങ്ങളുടെ തുക 230 ഉം ആദ്യത്തെ 16 പദങ്ങളുടെ തുക 560

a) ആദ്യത്തെ പദവും പൊതുവ്യത്യാസവും കാണുക.

b) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

c) തുകയുടെ ബീജഗണിതരൂപം എഴുതുക.

(സ്കോർ: 5, സമയം: 7 മിനിട്ട്)

**ഉത്തര സൂചിക**

a) ആദ്യത്തെ പത്ത് പദങ്ങളുടെ തുക =

$\frac{10}{2}(x_1 + x_{10}) = 230$

$x_1 + x_{10} = 46$ ............... (1)

ആദ്യത്തെ പതിനാറ് പദങ്ങളുടെ തുക =

$\frac{16}{2}(x_1 + x_{16}) = 560$

$x_1 + x_{16} = 70$ ............... (2) (1)

SCERT Kerala

$(2)-(1) \Rightarrow \quad x_{16} - x_{10} = 24$

$6d = 24$

$d = 4$ (1)

$(1) \Rightarrow \quad x_1 + x_{10} = 46$

$x_1 + x_1 + 9d = 46$

$2x_1 = 46 - 9d = 10$ (1)

$x_1 = 5$ (1)

(b) $x_n = 4n + 1$

(c) $s_n = 3n^2 + 3n$ (1)

**32. പഠനനേട്ടം**

- രണ്ടു സമാന്തരശ്രേണികളുടെ തുകകൾ തമ്മിൽ താരതമ്യം ചെയ്യുന്നു.

പൊതുവ്യത്യാസം 4 ആയ രണ്ടു സമാന്തരശ്രേണികളുടെ 5-ാം പദങ്ങൾ തമ്മിലുള്ള വ്യത്യാസം 8 ആണ്.

a) ആദ്യത്തെ പദങ്ങൾ തമ്മിലുള്ള വ്യത്യാസം എത്ര?

b) ആദ്യത്തെ 20 പദങ്ങളുടെ തുകകൾ തമ്മിലുള്ള വ്യത്യാസം എത്ര?

(സ്കോർ: 4, സമയം: 5 മിനിട്ട്)

**ഉത്തര സൂചിക**

a) 1-ാം ശ്രേണി: $a, a + 4, a + 8, a + 12, a + 16, \ldots$

2-ാം ശ്രേണി: $b, b + 4, b + 8, b + 12, b + 16, \ldots$ (1)

5-ാം പദങ്ങൾ തമ്മിലുള്ള വ്യത്യാസം $= (a + 16) - (b + 16) = 8$

$a - b = 8$ (1)

(b)
$$\begin{array}{l} a + (a+4) + (a+8) + (a+12) + \ldots + a + 76 \\ b + (b+4) + (b+8) + ((b+12) + \ldots + b + 76 \\ \hline 8 + 8 + 8 + 8 + \ldots + 8 \end{array}$$ (1)

20-ാം പദങ്ങളുടെ തുകകൾ തമ്മിലുള്ള വ്യത്യാസം $= 8 \times 20$

$= 160$ (1)

SCERT Kerala

2

# വൃത്തങ്ങൾ

1. **പഠനനേട്ടം**

വൃത്തത്തിലെ ഒരു വ്യാസത്തിന്റെ അറ്റങ്ങൾ വൃത്തത്തിലെ മറ്റേതൊരു ബിന്ദുവുമായി യോജിപ്പിച്ചാലും കിട്ടുന്നത് മട്ടകോണാണ്.

ചിത്രത്തിൽ ത്രികോണം $ABC$ മട്ടത്രികോണമാണ്.




(a) $AC$ വ്യാസമായി വൃത്തം വരച്ചാൽ $B$ യുടെ സ്ഥാനം എവിടെ ആയിരിക്കും?

(b) $BC$ വ്യാസമായി വൃത്തം വരച്ചാൽ $A$ യുടെ സ്ഥാനം എവിടെ ആയിരിക്കും?

(സ്കോർ: 2, സമയം: 3 മിനിട്ട്)

■ **ഉത്തരസൂചിക**

- വൃത്തത്തിൽ (1)
- വൃത്തത്തിന് പുറത്ത് (1)

SCERT Kerala

2. **പഠനനേട്ടം**

- അർധവൃത്തത്തിലെ കോൺ മട്ടകോണാണ്.

ചിത്രത്തിൽ $AB$ വ്യാസമായി വൃത്തം വരച്ചാൽ $C$, $D$, $E$ ഇവയുടെ സ്ഥാനം വൃത്തത്തെ അടിസ്ഥാനമാക്കി എഴുതുക.




(സ്കോർ: 3, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

- $C$ യുടെ സ്ഥാനം വൃത്തത്തിന് അകത്ത് (1)
- $D$ യുടെ സ്ഥാനം വൃത്തത്തിൽ (1)
- $E$ യുടെ സ്ഥാനം വൃത്തത്തിന് പുറത്ത് (1)

3. **പഠനനേട്ടം**

- വൃത്തത്തിലെ ഏത് ചാപവും കേന്ദ്രത്തിലുണ്ടാക്കുന്ന കോണിന്റെ പകുതിയാണ് മറുചാപത്തിലുണ്ടാക്കുന്ന കോൺ.

ഒരു വൃത്തം വരച്ച് അതിൽ $22\frac{1}{2}^{o}$ കോൺ, കോൺമാപിനി ഉപയോഗിക്കാതെ വരയ്ക്കുക.

(സ്കോർ: 3, സമയം: 5 മിനിട്ട്)

**ഉത്തര സൂചിക**

- $90^o$ കോൺ വരയ്ക്കുന്നതിന് (1)
- $45^o$ കോൺ വരയ്ക്കുന്നതിന് (1)
- $22\frac{1}{2}^{o}$ കോൺ വരയ്ക്കുന്നതിന് (1)




**4. പഠനനേട്ടം**

- ഒരു ചാപം മറുചാപത്തിലുണ്ടാക്കുന്ന കോണുകൾ തുല്യം. അർദ്ധവൃത്തത്തിലെ കോൺ മട്ടകോൺ ആയിരിക്കും.

ചിത്രത്തിൽ $\Delta\ ABC$, $\Delta\ PQR$ എന്നിവയിൽ $BC = QR$, $\angle A = \angle P$; $\angle Q = 90^o$, $QR = 5$ സെ.മീ, $PQ = 12$ സെ.മീ.




ത്രികോണം $ABC$ യുടെ പരിവൃത്ത വ്യാസം കണക്കാക്കുക.

(സ്കോർ 4, സമയം 6 മിനിട്ട്)

**ഉത്തര സൂചിക**

- $QR = BC$ എന്നീ വശങ്ങൾ ചേർന്ന് നിൽക്കും എന്ന് തിരിച്ചറിയുന്നതിന് (1)
- $\angle A = \angle P$ എന്നീ കോണുകൾ ഒരേ വൃത്തത്തിലെ കോൺ എന്നറിയുന്നതിന് (1)
- $PR$ പരിവൃത്തവ്യാസം എന്നറിയുന്നതിന്, ഈ പരിവൃത്തമാണ് $\Delta ABC$ യുടെ പരിവൃത്തം എന്നറിയുന്നതിന്. (1)
- വ്യാസം $= PR = \sqrt{12^2 \quad 5^2} = \sqrt{169} = 13$ സെ.മീ (1)

**5. പഠനനേട്ടം**

- ഒരു ഞാൺ വൃത്തത്തെ മുറിക്കുന്ന രണ്ടു ഭാഗങ്ങളിൽ ഓരോന്നിലേയും കോണുകളെല്ലാം തുല്യമാണെന്നു മനസ്സിലാക്കുന്നു.

$PQ$, $RS$ എന്നിവ ഒരു വൃത്തത്തിലെ പരസ്പര ലംബമായ ഞാണുകളാണ്. $\angle QPR = 50^o$ ആയാൽ $\angle PQS$ ന്റെ അളവെന്ത്?

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തര സൂചിക**

- ചിത്രം വരച്ച് അളവ് രേഖപ്പെടുത്തുന്നതിന്. (1)
- $\angle PRS = 90 - 50 = 40^o$ (1)
- $\angle PQS = 40^o$ (1)




SCERT Kerala

**6. പഠനനേട്ടം**

- വൃത്തത്തിലെ ഒരു ചാപം കേന്ദ്രത്തിൽ ഉണ്ടാക്കുന്ന കോണും, വൃത്തത്തിലെ ഒരു ബിന്ദുവിൽ ഉണ്ടാക്കുന്ന കോണും തമ്മിലുള്ള ബന്ധം.




ചിത്രത്തിൽ $O$ വൃത്ത കേന്ദ്രമാണ്. $\angle BOC = 130^\circ$, $\angle AOB = 110^\circ$ എങ്കിൽ $\angle AOC$ എത്ര? ത്രികോണം $ABC$ യുടെ എല്ലാ കോണളവുകളും കാണുക.

(സ്കോർ 3, സമയം 3 മിനിട്ട്)

**ഉത്തര സൂചിക**

- $\angle A = \frac{130}{2} = 65^\circ$ (1)
- $\angle C = \frac{110}{2} = 55^\circ$ (1)
- $\angle B = 180 - (65 + 55) = 60^\circ$ (1)

**7. പഠനനേട്ടം**

- വൃത്തത്തിലെ ഒരു ചാപം കേന്ദ്രത്തിൽ ഉണ്ടാക്കുന്ന കോണും, വൃത്തത്തിലെ ഒരു ബിന്ദുവിൽ ഉണ്ടാക്കുന്ന കോണും തമ്മിലുള്ള ബന്ധം.




ഷഡ്ഭുജം $ABCDEF$ ന്റെ എല്ലാ കോണളവുകളും കണക്കാക്കുക.

(സ്കോർ 4, സമയം 5 മിനിട്ട്)

**ഉത്തര സൂചിക**

- $\angle EFD = \angle EAD = 30^\circ$
- $\angle FEA = \angle FDA = 40^\circ$
- $\angle FDE = \angle FAE = 35^\circ$ (1)
- $\angle BAC = \angle BDC = 45^\circ$
- $\angle ABD = \angle ACD = 62^\circ$
- $\angle ACB = \angle ADB = 35^\circ$ (1)

$\angle A = 148^\circ$
$\angle B = 100^\circ$
$\angle C = 97^\circ$ (1)
$\angle D = 155^\circ$
$\angle E = 115^\circ$
$\angle F = 105^\circ$ (1)

SCERT Kerala

## 8. പഠനനേട്ടം

- ഒരു ചതുർഭുജത്തിന്റെ മൂലകളെല്ലാം ഒരു വൃത്തത്തിലാണെങ്കിൽ, അതിന്റെ എതിർകോണുകൾ അനുപൂരകമാണ്.

ചിത്രത്തിൽ *O* വൃത്തകേന്ദ്രമാണ്. *AB* വൃത്തത്തിലെ ഒരു ഞാണും. $\angle OAB$ യുടെ സമഭാജിയാണ് *AC*. $\angle OAB = 56^{o}$.

(a) *OC*, *AB* യ്ക്ക് സമാന്തരം എന്ന് തെളിയിക്കുക.

(b) $\angle ABC$, $\angle OBE$ എന്നിവ കണക്കാക്കുക.




(സ്കോർ 5, സമയം 8 മിനിട്ട്)

### ഉത്തര സൂചിക

(a) $\angle OAC = \angle BAC$ (സമഭാജി) (1)

$\angle OAC = \angle OCA$ (സമപാർശ്വത്രികോണം)

$\therefore \angle BAC = \angle OCA$

$\therefore$ *AB* സമാന്തരം *OC* (1)

(b) $\angle AOC = 180 - 56 = 124^{o}$

$\angle ABC = \frac{360 \quad 124}{2}$

$= \frac{236}{2} = 118^{o}$ (1)

$\angle CBE = 180 - 118 = 62^{o}$

$\angle COB = 2 \times 28 = 56^{o}$

$\angle AOB = 124 - 56 = 68^{o}$ (1)

$\angle OBA = 180 - (56 + 68)$

$= 180 - 124 = 56^{o}$

$\therefore \angle OBC = 180 - (56 + 62)$ (1)

$= 180 - 118 = 62^{o}$

$\therefore \angle OBE = 62 + 62 = 124^{o}$

## 9. പഠനനേട്ടം

- അർധവൃത്തത്തിലെ കോൺ മട്ടകോണാണ്.




ചിത്രത്തിൽ *O* വൃത്ത കേന്ദ്രമാണ്. *AD* യും *BC* യും *XY* യ്ക്ക് ലംബമാണ്. *CB* വൃത്തത്തെ *E* യിൽ ഖണ്ഡിക്കുന്നു. *CE* = *AD* എന്ന് തെളിയിക്കുക.

(സ്കോർ 3, സമയം 4 മിനിട്ട്)

SCERT Kerala

**ഉത്തര സൂചിക**

$\angle AEB = 90^o$ (അർദ്ധവൃത്തത്തിലെ കോൺ) (1)

$\angle AEC = 90^o$

$\therefore AECD$ ഒരു ചതുരമാകുന്നു (1)

$\therefore AD = CE$ (1)

**10. പഠനനേട്ടം**

- ഒരു ചതുർഭുജത്തിന്റെ മൂലകളെല്ലാം ഒരു വൃത്തത്തിൽ ആണെങ്കിൽ അതിന്റെ എതിർ കോണുകൾ അനുപൂരകമാണ്.

ചിത്രത്തിൽ $ABCD$ ഒരു സാമാന്തരികം ആണ്. $A, B, E, F$ വൃത്തത്തിലെ ബിന്ദുക്കളാണ്. $\angle DEF = 80^o$ ആയാൽ ചതുർഭുജം $AEFB$ യുടെ എല്ലാ കോണളവുകളും കണക്കാക്കുക.




(സ്കോർ 4, സമയം 4 മിനിട്ട്)

**ഉത്തര സൂചിക**

$\angle AEF = 180 - 80 = 100^o$ (1)

$\angle ABF = 180 - 100 = 80^o$ (1)

$\angle A = 180 - 80 = 100^o$ (1)

$\angle EFB = 180 - 100 = 80^o$ (1)

**11. പഠനനേട്ടം**

- ഒരു ചതുർഭുജത്തിന്റെ മൂലകളെല്ലാം വൃത്തത്തിൽ ആണെങ്കിൽ അതിന്റെ എതിർ കോണുകൾ അനുപൂരകമാണ്.

ചക്രിയ ചതുർഭുജം $PQRS$ ൽ $QR$ പുറത്തേക്ക് $X$ വരെ നീട്ടിയിരിക്കുന്നു. $\angle SRX = 100^o$, $\angle RPS = 50^o$ ആയാൽ $\angle RPQ$ വിന്റെ അളവെന്ത്?




(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തര സൂചിക**

$\angle SRQ = 180 - 100 = 80^o$ (1)

$\angle SPQ = 180 - 80 = 100^o$ (1)

$\angle RPQ = 100 - 50 = 50^o$ (1)

**12. പഠനനേട്ടം**

- അർദ്ധവൃത്തത്തിലെ കോൺ മട്ടകോൺ.

ചിത്രത്തിൽ $AB$ വൃത്തത്തിന്റെ വ്യാസവും $CD$, $AB$ യ്ക്ക് സമാന്തരവുമാണ്. $\angle CAB = 32^o$ ആയാൽ $\angle ADC$, $\angle DAC$ ഇവ കണക്കാക്കുക.




(സ്കോർ 4, സമയം 8 മിനിട്ട്)

SCERT Kerala

**ഉത്തര സൂചിക**




$\angle ACB = \angle ADB = 90^o$ (1)

$\angle CAB = \angle ACD = 32^o$

$\angle DCA = \angle DBA = 32^o$ (1)

$\angle DAB = 90 - 32 = 58^o$ (1)

$\angle CDB = 32^o$

$\angle ADC = 90 + 32 = 122^o$

$\angle DAC = 58^o - 32^o$ (1)

$= 26^o$

**13. പഠനനേട്ടം**

- ഒരു ചതുർഭുജത്തിന്റെ മൂലകളെല്ലാം വൃത്തത്തിൽ ആണെങ്കിൽ അതിന്റെ എതിർ കോണുകൾ അനുപൂരകമാണ്.

❓ രണ്ടു വൃത്തങ്ങൾ $A$ യിലും $B$ യിലും പരസ്പരം മുറിച്ച് കടക്കുന്നു. $KAL$, $NBM$ എന്നിവ സമാന്തരവരകളാണ്. $KLMN$ ഒരു സാമാന്തരികമാണെന്ന് തെളിയിക്കുക.




(സ്കോർ 4, സമയം 4 മിനിട്ട്)

**ഉത്തര സൂചിക**

$\angle N = x$ (1)

$\angle BAL = x$ (1)

$\angle M = 180 - x$ (1)

$\therefore$ $KLMN$ സമാന്തരികമാണ് (1)

SCERT Kerala

**14. പഠനനേട്ടം**

- ചാപം കേന്ദ്രത്തിൽ ഉണ്ടാക്കുന്ന കോൺ, വൃത്തത്തിലെ ബിന്ദുക്കളിൽ ഉണ്ടാക്കുന്ന കോണും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.

❓ ചിത്രത്തിൽ $AB$ വൃത്തത്തിന്റെ വ്യാസവും $A, P, B, R$ വൃത്തത്തിലെ ബിന്ദുക്കളും ആണ്.

$AP$, $RB$ എന്നിവ നീട്ടിയത് $Q$ വിൽ മുട്ടുന്നു. $\angle PRB$, $\angle PBR$, $\angle BPR$ എന്നിവ കണക്കാക്കുക.




(സ്കോർ 5, സമയം 8 മിനിട്ട്)

**ഉത്തര സൂചിക**

$\angle PAB = \angle PRB = 34^o$ (1)

$\angle APB = 90^o$

$\angle ARB = 90^o$ (1)

$\therefore ARP = 90 - 34 = 56^o$ (1)

$\angle ABP = 56^o$
$\angle RPQ = 180 - (28 + 34) = 118^o$
$\angle APR = 62 = \angle ABR$
$\angle PBR = 62 + 56 = 118^o$ (1)
$\angle RAP = 180 - 118 = 62^o$
$\angle RAB = 62 - 34 = 28^o$
$\angle BPR = 28^o$ (1)

## 15. പഠനനേട്ടം

- ചാപകേന്ദ്രത്തിൽ ഉണ്ടാക്കുന്ന കോണും, വൃത്തത്തിലെ ബിന്ദുക്കളിൽ ഉണ്ടാക്കുന്ന കോണും തമ്മിലുള്ള ബന്ധം.




ചിത്രത്തിൽ $O$ വൃത്തകേന്ദ്രമാകുകയും, $\angle OCA = x$ ആയാൽ.

a) $\angle OAC$ എത്ര?

b) $\angle OCA + \angle ABC = 90^o$ എന്ന് തെളി യിക്കുക.

c) $\angle ADC - \angle OCA = 90^o$ എന്ന് തെളി യിക്കുക.

(സ്കോർ 5, സമയം 8 മിനിട്ട്)

**ഉത്തര സൂചിക**

(1) $\angle OAC = x$ (1)
$\angle AOC = 180 - 2x$ (1)
$$\angle B = \frac{180-2x}{2} = 90 - x$$
(2) $\angle OCA + \angle ABC = x + 90 - x = 90^o$ (1)
(3) $\angle ADC = 180 - (90 - x)$
$= 90 + x$ (1)
$\angle ADC - \angle OCA = 90 + x - x = 90^o$ (1)

## 16. പഠനനേട്ടം

- ചാപത്തിന്റെ കേന്ദ്രകോണിന്റെ പകുതിയാണ് ശിഷ്ടചാപത്തിലെ കോൺ.

ഒരു സമഭുജത്രികോണം വരച്ച് അതിന്റെ ഒരു മൂല കേന്ദ്രമായി മറ്റ് മൂലകളിലൂടെ കടന്ന് പോകുന്ന വൃത്തം വരയ്ക്കുക. കോമ്പസും സ്കെയിലും മാത്രം ഉപയോഗിച്ച്. $30^o$, $15^o$, $7\frac{1}{2}^o$, $150^o$, $75^o$ എന്നിവ നിർമിക്കുക.

(സ്കോർ 5, സമയം 5 മിനിട്ട്)

**ഉത്തര സൂചിക**




- ഓരോ കോണും നിർമിക്കുന്നതിന് (1 മാർക്ക് വീതം)

## 17. പഠനനേട്ടം

- ഒരു ചാപത്തിന്റെ കേന്ദ്രകോണിന്റെ പകുതിയാണ് ശിഷ്ട ചാപത്തിലെ കോൺ.

5 സെ.മീ ആരമുള്ള വൃത്തം വരച്ച് അതിൽ $35^o$, $72^o$, $73^o$ കോണളവുള്ള ത്രികോണം വരയ്ക്കുക. ത്രികോണത്തിന്റെ വശങ്ങളുടെ നീളങ്ങൾ അളന്നെഴുതുക.

(സ്കോർ 4, സമയം 5 മിനിട്ട്)

**ഉത്തരസൂചിക**

- വൃത്തം കൃത്യമായി വരയ്ക്കുന്നതിന് (1)
- $70^o$, $144^o$, എന്നിവ കേന്ദ്രത്തിൽ വരയ്ക്കുന്നതിന് (1)
- ത്രികോണം പൂർത്തിയാക്കുന്നതിന് (1)
- വശങ്ങൾ അളന്നെഴുതുന്നതിന് (1)

## 18. പഠനനേട്ടം

- ഒരു ചാപത്തിന്റെ കേന്ദ്രകോണിന്റെ പകുതിയാണ് ആ ചാപം ശിഷ്ടചാപത്തിൽ ഉണ്ടാക്കുന്ന കോൺ.




ചിത്രത്തിൽ ചാപം $AXB$ യുടെ കേന്ദ്രകോൺ $100^o$ ആണ്. ചാപം $CYD$ യുടെ കേന്ദ്രകോൺ $30^o$ ആണ്.

$\angle CAD$ എത്ര? $\angle ACB$ എത്ര? ത്രികോണം $APC$ യുടെ കോണുകൾ കണ്ടുപിടിക്കുക

(സ്കോർ 4, സമയം 5 മിനിട്ട്)

**ഉത്തരസൂചിക**

$\angle CAD = \frac{30}{2} = 15^o$ (1)

$\angle ACB = \frac{100}{2} = 50^o$ (1)

$\angle PCA = 180 - 50 = 130^o$ (1)

$\angle P = 35^o$ (1)

## 19. പഠനനേട്ടം

- ഒരു ചാപത്തിന്റെ കേന്ദ്രകോണിന്റെ പകുതിയാണ് ആ ചാപം ശിഷ്ടചാപത്തിൽ ഉണ്ടാക്കുന്ന കോൺ.




ചിത്രത്തിൽ ചാപം $AXB$ യുടെ കേന്ദ്രകോൺ $40^o$ ആണ്, ചാപം $CYD$ യുടെ കേന്ദ്രകോൺ $70^o$ ത്രികോണം $APD$ യുടെ കോണളവുകൾ കണക്കാക്കുക.

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

$$\angle D = \frac{40}{2} = 20^o \quad (1)$$

$$\angle A = \frac{70}{2} = 35^o \quad (1)$$

$$\angle APD = 180 - (35 + 20)$$
$$= 125^o \quad (1)$$

## 20. പഠനനേട്ടം

- ഒരു ചാപത്തിന്റെ കേന്ദ്രകോണിന്റെ പകുതിയാണ് ആ ചാപം ശിഷ്ടചാപത്തിൽ ഉണ്ടാക്കുന്ന കോൺ.




ചിത്രത്തിൽ ചാപം $AXB$ യുടെയും ചാപം $DYC$ യുടെയും കേന്ദ്രകോണുകളുടെ തുകയുടെ പകുതിയാണ് $\angle APB$ എന്ന് തെളിയിക്കുക.

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

$$\angle ADP = \frac{\text{ചാപം } AXB \text{ യുടെ കേന്ദ്ര കോൺ}}{2} \quad (1)$$

$$\angle DAC = \frac{\text{ചാപം } DYC \text{ യുടെ കേന്ദ്ര കോൺ}}{2} \quad (1)$$

$$\angle APB = \angle ADP + \angle DAC \quad (1)$$

## 21. പഠനനേട്ടം

- ഒരു ചാപത്തിന്റെ കേന്ദ്രത്തിന്റെ പകുതിയാണ് ആ ചാപം ശിഷ്ടചാപത്തിൽ ഉണ്ടാക്കുന്ന കോൺ.




ചിത്രത്തിൽ ചാപം $AXB$ യുടെ കേന്ദ്രകോണിൽ നിന്നും ചാപം $DYC$ യുടെ കേന്ദ്രകോൺ കുറച്ചതിന്റെ പകുതിയാണ് $\angle APB$ എന്ന് തെളിയിക്കുക.

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

$$\angle ACB = \frac{\text{ചാപം } AXB \text{ യുടെ കേന്ദ്ര കോൺ}}{2} \quad (1)$$

$$\angle DAC = \frac{\text{ചാപം } CYD \text{ യുടെ കേന്ദ്ര കോൺ}}{2} \quad (1)$$

$$\angle P = \angle ACB - \angle DAC \quad (1)$$

## 22. പഠനനേട്ടം

- ഒരു വൃത്തത്തിലെ രണ്ട് ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ രണ്ടു ഞാണുകളുടെയും ഭാഗങ്ങൾ തമ്മിലുള്ള ഗുണനഫലം തുല്യമാണ്.




ചിത്രത്തിൽ $AB$, $CD$, $XY$ ഞാണുകൾ $P$ യിൽ മുറിച്ചു കടക്കുന്നു. $AP = 9$ സെ.മീ, $AB = 13$ സെ.മീ, $PD = 12$ സെ.മീ ആയാൽ $CD$ കണക്കാക്കുക. $PX = PY$ ആയാൽ $XY$ യുടെ നീളം എന്ത്?

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

$$PA \times PB = PC \times PD$$
$$9 \times 4 = PC \times 12$$
$$PC = 3$$
$$CD = 12 + 3 = 15 \quad (1)$$
$$PX \times PY = 36 \quad (1)$$
$$PX = PY = \sqrt{36} = 6 \text{ സെ.മീ.} \quad (1)$$

SCERT Kerala

## 23. പഠനനേട്ടം

- വൃത്തത്തിലെ $AB$, $CD$ ഞാണുകൾ വൃത്തത്തിന് പുറത്ത് $P$ യിൽ ഖണ്ഡിച്ചാൽ $PA \times PB = PC \times PD$ ആയിരിക്കും.

ചിത്രത്തിൽ $PA = 3$ സെ.മീ., $AB = 9$ സെ.മീ, $PC = 4$ സെ.മീ. ആയാൽ $CD$ എത്ര?




(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

| | | | |
|---|---|---|---|
| $PA \times PB$ | = | $PC \times PD$ | |
| $3 \times 12$ | = | $4\,(4 + CD)$ | (1) |
| 36 | = | $16 + 4\,CD$ | (1) |
| $CD$ | = | 5 സെ.മീ. | (1) |

## 24. പഠനനേട്ടം

- വൃത്തത്തിലെ $AB$, $CD$ ഞാണുകൾ പുറത്ത് $P$ യിൽ ഖണ്ഡിച്ചാൽ $PA \times PB = PC \times PD$ ആയിരിക്കും.




ചിത്രത്തിൽ $PA = PC$ ആണ്. ത്രികോണത്തിന്റെ $PB$, $PD$ എന്നീ വശങ്ങൾ വൃത്ത കേന്ദ്രത്തിൽ നിന്നും തുല്യ അകലത്തിലാണെന്ന് തെളിയിക്കുക.

(സ്കോർ 5, സമയം 6 മിനിട്ട്)

**ഉത്തരസൂചിക**

| | | | |
|---|---|---|---|
| $PA \times PB$ | = | $PC \times PD$ | (1) |
| $PA$ | = | $PC$ | (1) |
| $\therefore PB$ | = | $PD$ | (1) |
| $\therefore AB$ | = | $CD$ | (1) |

തുല്യഞാണുകൾ കേന്ദ്രത്തിൽ നിന്ന് തുല്യ അകലത്തിലാണ്. (1)

## 25. പഠനനേട്ടം

- വൃത്തത്തിലെ രണ്ട് ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.

SCERT Kerala

ഒരു ചതുരത്തിന്റെ നീളം 5 സെ.മി, വീതി 4 സെ.മീ. അതേ പരപ്പളവുള്ള ഒരു വശം 7 സെ.മീ. ആയ മറ്റൊരു ചതുരം വരയ്ക്കുക.

(സ്കോർ 4, സമയം 6 മിനിട്ട്)

**ഉത്തരസൂചിക**

- കൃത്യമായി ചതുരം വരയ്ക്കുന്നതിന് (1)
- നീളം + വീതി ഞാണായി വൃത്തം വരയ്ക്കുന്നതിന് (1)
- വൃത്തത്തിൽ $PC = 7$ ആയി ഞാൺ വരയ്ക്കുന്നതിന് (1)
- $PC$, $PD$ വശമായി ചതുരം വരയ്ക്കുന്നതിന് (1)

## 26. പഠനനേട്ടം

- വൃത്തത്തിലെ ഒരു വ്യാസത്തിനെ അതിന് ലംബമായ ഒരു ഞാൺ മുറിക്കുന്ന ഭാഗങ്ങളുടെ ഗുണനഫലം ഞാണിന്റെ പകുതിയുടെ വർഗമാണ്.

$\sqrt{7}$ സെ.മീ നീളമുള്ള വര വരയ്ക്കുക.

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

- $7 + 1 = 8$ സെ.മീ വ്യാസമായി അർദ്ധവൃത്തം വരയ്ക്കുന്നതിന് (2)
- ലംബം വരയ്ക്കുന്നതിന് (1)

## 27. പഠനനേട്ടം

- വൃത്തത്തിലെ ഒരു വ്യാസത്തിനെ അതിന് ലംബമായ ഒരു ഞാൺ മുറിക്കുന്ന ഭാഗങ്ങളുടെ ഗുണനഫലം ഞാണിന്റെ പകുതിയുടെ വർഗമാണ്.

ചിത്രത്തിൽ $AD = 10$ സെ.മീ, $BD = 6$ സെ.മീ, $CD = 2$ സെ.മീ, $PQ$ കാണുക.




(സ്കോർ 4, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

$AC = 8$ സെ.മീ

$AC \times CD = CQ^2$ (1)

$8 \times 2 = 16$

$CQ = \sqrt{16} = 4$ (1)

$BC \times CD = CP^2$

$4 \times 2 = CP^2$

$CP = \sqrt{8}$ (1)

$PQ = 4 - \sqrt{8}$ (1)

SCERT Kerala

**28. പഠനനേട്ടം**

- വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.

❓ നീളം 5 സെ.മീ, വീതി 3 സെ.മീ ആയ ചതുരം വരയ്ക്കുക. അതിന് തുല്യ പരപ്പളവുള്ള സമചതുരം വരയ്ക്കുക.

(സ്കോർ 4, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

- കൃത്യമായി ചതുരം വരയ്ക്കുന്നതിന് (1)
- നീളം + വീതി വ്യാസമായി അർദ്ധവൃത്തം വരയ്ക്കുന്നതിന് (1)
- ലംബം വരയ്ക്കുന്നതിന് (1)
- സമചതുരം പൂർത്തിയാക്കുന്നതിന് (1)

**29. പഠനനേട്ടം**

- വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.

❓ വശങ്ങൾ 6 സെ.മീ, 7 സെ.മീ, 8 സെ.മീ അളവോട് കൂടിയ ത്രികോണം നിർമിച്ച് അതിന് തുല്യ പരപ്പളവുള്ള സമചതുരം വരയ്ക്കുക.

(സ്കോർ 5, സമയം 8 മിനിട്ട്)

**ഉത്തരസൂചിക**

- കൃത്യമായി ത്രികോണം വരയ്ക്കുന്നതിന് (1)
- പരപ്പളവിന് തുല്യമായ ചതുരം വരയ്ക്കുന്നതിന് (1)
- നീളം + വീതി വ്യാസമായി അർദ്ധവൃത്തം വരയ്ക്കുന്നതിന് (1)
- ലംബം വരക്കുന്നതിന് (1)
- സമചതുരം പൂർത്തിയാക്കുന്നതിന് (1)

SCERT Kerala

**30. പഠനനേട്ടം**

- വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.

❓ കർണം 7 .സെ.മീ ആയ സമപാർശ്വ മട്ടത്രികോണം വരയ്ക്കുക.

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

7 സെ.മീ. നീളമുള്ള വര വരച്ച് അത് വ്യാസമായി അർധവൃത്തം വരയ്ക്കുന്നതിന് (1)

കേന്ദ്രത്തിൽ നിന്ന് വ്യാസത്തിന് ലംബം വരയ്ക്കുന്നതിന് (1)

സമപാർശ്വത്രികോണം വരയ്ക്കുന്നതിന് (1)

3

# സാധ്യതകളുടെ ഗണിതം

## 1. പഠനനേട്ടം

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിനുള്ള മാർഗം വിശദീകരിക്കുന്നു.

ഒരാളോട് ഒരു രണ്ടക്കസംഖ്യ പറയാൻ ആവശ്യപ്പെടുന്നു. പറയുന്ന സംഖ്യ പൂർണ വർഗമല്ലാതിരിക്കാനുള്ള സാധ്യത എത്ര?

(സ്കോർ : 3, സമയം: 3 മിനിട്ട്)

**■ ഉത്തരസൂചിക**

ആകെ രണ്ടക്കസംഖ്യകൾ : 90 (1)

ആകെ രണ്ടക്ക പൂർണവർഗങ്ങൾ:6 (1)

പൂർണവർഗങ്ങളല്ലാത്ത രണ്ടക്ക സംഖ്യകൾ:90–6=84

സാധ്യത = $\frac{84}{90}=\frac{42}{45}$ (1)

## 2. പഠനനേട്ടം

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിനുള്ള മാർഗം വിശദീകരിക്കുന്നു.

ഒരു സഞ്ചിയിൽ 10 നീലപന്തും 12 മഞ്ഞ പന്തുമുണ്ട്. മറ്റൊരു സഞ്ചിയിൽ 15 നീല പന്തും 7 മഞ്ഞ പന്തുമുണ്ട്.

a) ആദ്യത്തെ സഞ്ചിയിൽ നിന്നൊരു പന്തെടുത്താൽ അത് മഞ്ഞ പന്താകാനുള്ള സാധ്യത എന്താണ്?

b) രണ്ടാമത്തെ സഞ്ചിയിൽ നിന്നെടുത്താലോ?

c) രണ്ട് സഞ്ചിയിലേയും പന്തുകൾ ഒരു സഞ്ചിയിലാക്കി അതിൽ നിന്നൊരു പന്തെടുത്താൽ അത് മഞ്ഞ പന്താകാനുള്ള സാധ്യത എത്ര?

(സ്കോർ : 4 സമയം: 4 മിനിട്ട്)

**■ ഉത്തരസൂചിക**

a) ആദ്യത്തെ സഞ്ചിയിലെ ആകെ പന്തുകൾ = $10+12=22$

മഞ്ഞ പന്തുകൾ = 12

മഞ്ഞ പന്തെടുക്കുവാനുള്ള സാധ്യത = $\frac{12}{22}=\frac{6}{11}$ (1)

b) രണ്ടാമത്തെ സഞ്ചിയിലെ ആകെ പന്തുകൾ = $15+7=22$

ആകെ മഞ്ഞ പന്തുകൾ = 7

SCERT Kerala

$$\text{മഞ്ഞ പന്തെടുക്കുവാനുള്ള സാധ്യത} = \frac{7}{22} \qquad (1)$$

c) ആകെ പന്തുകളുടെ എണ്ണം = $22 + 22 = 44$

മഞ്ഞ പന്തുകൾ = $12 + 7 = 19$ (1)

$$\text{മഞ്ഞ പന്തെടുക്കുവാനുള്ള സാധ്യത} = \frac{19}{44} \qquad (1)$$

**3. പഠനനേട്ടം**

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിന് മാർഗം വിശദീകരിക്കുന്നു.

**?** മൂലകളെല്ലാം വൃത്തത്തിലായി ഒരു സമഷഡ്ഭുജം വരച്ചിരിക്കുന്നു. ഈ ചിത്രത്തിൽ കണ്ണടച്ചൊരു കുത്തിട്ടാൽ അത് സമഷഡ്ഭുജത്തിനകത്ത് തന്നെയായിരിക്കാനുള്ള സാധ്യത കണക്കാക്കുക.




(സ്കോർ : 4 സമയം: 3 മിനിട്ട്)

**■ ഉത്തരസൂചിക**

വൃത്തത്തിന്റെ പരപ്പളവ് = $r^2$ (1)

$$\text{സമഷഡ്ഭുജത്തിന്റെ പരപ്പളവ്} = \frac{\sqrt{3}r^2}{4} \times 6 = \frac{3\sqrt{3}\,r^2}{2} \qquad (1)$$

$$\text{സാധ്യത} = \frac{\frac{3\sqrt{3}\,r^2}{2}}{r^2} = \frac{3\sqrt{3}\,r^2}{2} \quad \frac{1}{r^2} \qquad (1)$$

$$= \frac{3\sqrt{3}}{2} \qquad (1)$$

**4. പഠനനേട്ടം**

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിന് മാർഗ്ഗം വിശദീകരിക്കുന്നു.

**?** ഒരു പെട്ടിയിൽ 1,2,3,4 എന്നീ സംഖ്യകളെഴുതിയ നാല് കടലാസുകഷ്ണങ്ങളും മറ്റൊരുപെട്ടിയിൽ 1,2,3 എന്നെഴുതിയ മൂന്ന് കടലാസുകഷ്ണങ്ങളുണ്ട്. ഓരോ പെട്ടിയിൽനിന്നും ഓരോ കടലാസെടുത്താൽകിട്ടുന്ന സംഖ്യകളുടെ തുക മൂന്നിന്റെ ഗുണിതമാകാനുള്ള സാധ്യത എന്താണ്? രണ്ടിന്റെ ഗുണിതമാകാനുള്ള സാധ്യതയോ?

(സ്കോർ: 5, സമയം: 6 മിനിട്ട്)

**■ ഉത്തരസൂചിക**

രണ്ട് പെട്ടിയിൽ നിന്നും ഓരോ കടലാസുകഷ്ണങ്ങളെടുത്താൽ കിട്ടുന്ന സംഖ്യാ ജോടികൾ.

SCERT Kerala

(1, 1) (2, 1) (3, 1) (4, 1)

(1, 2) (2, 2) (3, 2) (4, 2) 12 എണ്ണം (1)

(1, 3) (2, 3) (3, 3) (4, 3)

തുക മൂന്നിന്റെ ഗുണിതമാകുന്ന ജോടികൾ (1)

(2,1) (1,2) (4,2) (3,3) – 4 എണ്ണം (1)

സാധ്യത = $\frac{4}{12}$ $\frac{1}{3}$

തുക രണ്ടിന്റെ ഗുണിതമാകുന്ന ജോടികൾ

(1,1) (3,1) (1,3) (2,2) (3,3) (4,2) –6 എണ്ണം (1)

സാധ്യത = $\frac{6}{12}$ $\frac{1}{2}$ (1)

**5. പഠനനേട്ടം**

- പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യകത സമർഥിക്കുന്നു.

? ഒരു സഞ്ചിയിൽ 6 ചുവന്ന മുത്തുകളും 4 പച്ചമുത്തുകളുമുണ്ട്. മറ്റൊരു സഞ്ചിയിൽ ചുവന്ന മുത്തുകളും പച്ചമുത്തുകളും ഈരണ്ടെണ്ണം കൂടുതലാണ്. ചുവന്ന മുത്തു കിട്ടാൻ സാധ്യത കൂടുതൽ ഏത് സഞ്ചിയിൽ നിന്ന് എടുക്കുമ്പോഴാണ്?

(സ്കോർ: 4 , സമയം: 3 മിനിട്ട്)

■ **ഉത്തരസൂചിക**

ഒന്നാമത്തെ സഞ്ചിയിലെ ചുവന്ന മുത്തുകളുടെ എണ്ണം = 6

ഒന്നാമത്തെ സഞ്ചിയിൽ നിന്നും ചുവന്ന മുത്തുകൾ കിട്ടാനുള്ള സാധ്യത = $\frac{6}{10}$ (1)

രണ്ടാമത്തെ സഞ്ചിയിലെ ചുവന്ന മുത്തുകളുടെ എണ്ണം = 6 + 2 = 8 (1)

രണ്ടാമത്തെ സഞ്ചിയിൽ നിന്നും ചുവന്ന മുത്തുകൾ കിട്ടാനുള്ള സാധ്യത = $\frac{8}{14}$ (1)

$\frac{6}{10} > \frac{8}{14}$

∴ സാധ്യത കൂടുതൽ ഒന്നാമത്തെ സഞ്ചിയിൽ നിന്നെടുക്കുമ്പോഴാണ്. (1)

**6. പഠനനേട്ടം**

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യക്ത സമർഥിക്കുന്നു.

? ഒരാളോട് ഒരു രണ്ടക്കസംഖ്യ പറയാനാവശ്യപ്പെടുന്നു.

(1) ഇതിലെ അക്കങ്ങൾ രണ്ടും വ്യത്യസ്തമാകാനുള്ള സാധ്യത എത്ര?

(2) ആദ്യത്തെ അക്കം വലുതും രണ്ടാമത്തെ അക്കം ചെറുതുമാകാനുള്ള സാധ്യത എത്ര?

(3) ആദ്യത്തെ അക്കം ചെറുതും രണ്ടാമത്തെ അക്കം വലുതുമാകാനുള്ള സാധ്യത എത്ര?

(സ്കോർ: 6, സമയം: 8 മിനിട്ട്)

■ **ഉത്തരസൂചിക**

രണ്ടക്കസംഖ്യകൾ ആകെ 90 എണ്ണം

SCERT Kerala

അക്കങ്ങൾ തുല്യമായവ :

11, 22, 33, 44, 55, 66, 77, 88, 99 – 9 എണ്ണം (1)

അതായത്, അക്കങ്ങൾ വ്യത്യസ്തമായവ – 81 എണ്ണം (1)

സാധ്യത $= \frac{81}{90} = \frac{9}{10}$ (1)

ആദ്യത്തെ അക്കം വലുതും രണ്ടാമത്തെഅക്കം ചെറുതുമായ സംഖ്യകളുടെ എണ്ണം

| | |
|---|---|
| $1+2+3+4+5+6+7+8+9 = \frac{9 \quad 10}{2}$ | 10 – 1 |
| $= 45$ | 20 21 – 2 |
| | 30 31 32 – 3 |
| സാധ്യത $= \frac{45}{90} \quad \frac{1}{2}$ (1) | 40 41 42 43 – 4 |
| | .......... |
| | 90 91 92 93 ....99 – 9 |
| | $\frac{9 \quad 10}{2} = 45$ |

ആദ്യത്തെ അക്കം ചെറുതും രണ്ടാമത്തെ അക്കം വലുതുമായ സംഖ്യകളുടെ എണ്ണം

$= 8+7+6+5+4+3+2+1 = \frac{8 \quad 9}{2}$ (1)

$= 36$

സാധ്യത $= \frac{36}{90} \quad \frac{4}{10} = \frac{2}{5}$ (1)

### 7. പഠനനേട്ടം

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യകത സമർഥിക്കുന്നു.

ഒരു ക്ലാസ്സിൽ 60 കുട്ടികളുണ്ട്. അതിൽ 30 പേർ ആൺകുട്ടികളാണ്. മറ്റൊരു ക്ലാസ്സിൽ 50 കുട്ടികളുണ്ട് അതിൽ 25 പേർ ആൺകുട്ടികളാണ്. ഓരോ ക്ലാസ്സിൽ നിന്നും ഓരോ കുട്ടികളെ മാത്രം തെരെഞ്ഞെടുത്താൽ

1) അത് രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യത എത്ര?

2) അതിൽ ഒരു പെൺകുട്ടിയെങ്കിലും ഉണ്ടാകാനുള്ള സാധ്യത എത്ര?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

ആദ്യത്തെ ക്ലാസ്സിലെ ആകെ കുട്ടികൾ = 60

ആൺകുട്ടികൾ = 30

പെൺകുട്ടികൾ = 30

രണ്ടാമത്തെ ക്ലാസ്സിലെ ആകെ കുട്ടികൾ = 50

ആൺകുട്ടികൾ = 25

പെൺകുട്ടികൾ = 25

1) രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യത $= \frac{30 \times 25}{60 \times 50}$ (1)

$= \frac{750}{3000}$

SCERT Kerala

$$= \frac{1}{4} \quad (1)$$

2) ഒരു പെൺകുട്ടിയെങ്കിലും ഉണ്ടാകാനുള്ള സാധ്യത $= \frac{30\times25+30\times25+30\times25}{3000}$ (1)

$$= \frac{2250}{3000}$$

$$= \frac{9}{12} = \frac{3}{4} \quad (1)$$

**8. പഠനനേട്ടം**

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യക്ത സമർത്ഥിക്കുന്നു.

ഒരു പാത്രത്തിൽ 4 കറുത്ത മുത്തുകളും, 6 വെളുത്ത മുത്തുകളും, 10 ചുവന്ന മുത്തുകളും ഉണ്ട്. മറ്റൊരു പാത്രത്തിൽ 7 കറുത്ത മുത്തുകളും, 5 വെളുത്തമുത്തുകളും, 8 ചുവന്ന മുത്തുകളും ഉണ്ട്. പാത്രങ്ങളിലേക്ക് നോക്കാതെ രണ്ടു പാത്രത്തിൽനിന്നും ഓരോ മുത്തുവീതമെടുത്താൽ

(a) രണ്ടും ഒരേ നിറമാകാനുള്ള സാധ്യത എന്ത്?

(b) രണ്ടും വ്യത്യസ്ത നിറമാകാനുള്ള സാധ്യത എന്ത്?

(c) ഒരു കറുത്ത മുത്തെങ്കിലും ഉണ്ടാകാനുള്ള സാധ്യത എന്ത്?

(സ്കോർ: 5, സമയം: 8 മിനിട്ട്)

■ **ഉത്തരസൂചിക**

| | |
|---|---|
| **4 B**<br>**6 W**<br>**10 R** | **7 B**<br>**5 W**<br>**8 R** |

രണ്ടു പാത്രങ്ങളിലും മുത്തുകൾ 20 വീതമുണ്ട്.

ആകെ ഫലങ്ങൾ $= 20 \times 20 = 400$ (1)

(a) ഒരേ നിറം ലഭിക്കുന്നതിനുള്ള ഫലങ്ങളുടെ എണ്ണം $= 4\times7 + 6\times5 + 10\times8$

$= 138$

സാധ്യത $= \frac{138}{400}$ (1)

(b) വ്യത്യസ്ത നിറമാകാനുള്ള സാധ്യത $= 1 - \frac{138}{400}$

$= \frac{262}{400}$ (1)

(c) ഒരു കറുത്ത മുത്തെങ്കിലും ആകുന്ന ഫലങ്ങൾ

$= 4\times7 + 4\times5 + 4\times8 + 6\times7 + 10\times7$

$= 28 + 20 + 32 + 42 + 70$ (1)

$= 192$

സാധ്യത $= \frac{192}{400} = \frac{12}{25}$ (1)

**9. പഠനനേട്ടം**

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യക്ത സമർഥിക്കുന്നു.

SCERT Kerala



ഒരു വൃത്തത്തിൽ പരമാവധി വലിയ ഒരു സമഭുജ ത്രികോണം വരച്ചിരിക്കുന്നു. ചിത്രത്തിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ കുത്ത് ത്രികോണത്തിന കത്താകാനുള്ള സാധ്യത എത്ര? ത്രികോണത്തിന് പുറത്താകുന്നതിനുള്ള സാധ്യത എത്ര?

(സ്കോർ: 4, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

വൃത്തത്തിന്റെ ആരം $r$ ആയാൽ ത്രികോണത്തിന്റെ വശം $\sqrt{3}\,r$ ആയിരിക്കും.

ആകെ ഫലങ്ങൾ $= \pi r^2$ (1)

അനുകൂല ഫലങ്ങൾ $= \frac{\sqrt{3}}{4}(\sqrt{3}r)^2 \quad = \frac{\sqrt{3}}{4} \times 3r^2$ (1)

കുത്ത് ത്രികോണത്തിനകത്താകാനുള്ള സാധ്യത $= \dfrac{\frac{\sqrt{3}}{4}\;3r^2}{r^2} \quad \frac{3\sqrt{3}}{4}$ (1)

കുത്ത് ത്രികോണത്തിന് പുറത്താകുന്നതിനുള്ള സാധ്യത $= 1 - \frac{3\sqrt{3}}{4}$ (1)

**10. പഠനനേട്ടം**

5. ഒരു സമാന്തരശ്രേണിയുടെ പൊതുവ്യത്യാസം 8 ഉം 7-ാം പദം 45 ഉം ആണ്. 12-ാം പദം എത്ര? എത്രാം പദമാണ് 285? (3)

6. ഒരു മട്ടത്രികോണത്തിന്റെ കർണം വ്യാസമായി വൃത്തം വരച്ചാൽ മൂന്നാംമൂല വൃത്തത്തിനകത്തോ പുറത്തോ? വൃത്തത്തിൽ തന്നെയോ? ലംബവശങ്ങൾ വ്യാസമായി വൃത്തങ്ങൾ വരച്ചാൽ മൂന്നാം മൂലയുടെ സ്ഥാനം എവിടെയായിരിക്കും? (3)

7. ഒരു സമാന്തരശ്രേണിയുടെ തുകയുടെ ബീജഗണിതരൂപം $4n^2 + 5n$. ശ്രേണി എഴുതുക. (3)

8. ചിത്രത്തിൽ $A$, $B$ കേന്ദ്രങ്ങളായ വൃത്തങ്ങളുടെ വ്യാസങ്ങളാണ് $CQ$, $QD$. $PC$ യ്ക്കു സമാന്തരമാണ് $DR$ എന്നു സമർഥിക്കുക.




(3)

9. ചിത്രത്തിൽ $B$ വലിയ വൃത്തത്തിന്റെ കേന്ദ്രമാണ്. കറുപ്പിച്ചിരിക്കുന്നത് രണ്ട് അർധവൃത്തങ്ങളാണ്. കണ്ണടച്ച് ചിത്രത്തിൽ ഒരു കുത്തിട്ടാൽ അതു

 i) കറുപ്പിച്ച ഭാഗത്താകാനുള്ള സാധ്യത എന്ത്?

 ii) കറുപ്പിച്ച ഭാഗത്താകാതിരിക്കാനുള്ള സാധ്യത എന്ത്?




(3)

***അല്ലെങ്കിൽ***

1 മുതൽ 6 വരെയുള്ള സംഖ്യകൾ എഴുതിയ രണ്ടു പകിടകൾ ഒന്നിച്ച് ഉരുട്ടുന്നു. മുകളിൽ വരുന്ന സംഖ്യകൾ

 i) രണ്ടും ഒരേ സംഖ്യയാകാനുള്ള സാധ്യത എന്ത്?

 ii) രണ്ടു സംഖ്യകളുടെയും തുക 8 വരാനുള്ള സാധ്യത എന്ത്?

10. –193, –186, –179, ... എന്ന സമാന്തരശ്രേണിയിൽ

 i) '0' ഒരു പദമാകുമോ? സമർഥിക്കുക.

 ii) ന്യൂനസംഖ്യകളായ എത്ര പദങ്ങളുണ്ട്? (3)

11. 10 ചതുരശ്രസെന്റിമീറ്റർ പരപ്പളവുള്ള ഒരു സമചതുരം വരയ്ക്കുക. (4)

12. 6, 8, 10, ... ഉം 9, 12, 15, ... ഉം രണ്ടു സമാന്തരശ്രേണികളാണ്. ഈ ശ്രേണികളുടെ ഒരു പ്രത്യേക സ്ഥാനത്തുള്ള പദങ്ങളുടെ ഗുണനഫലം 726 ആണ്.

 i) ശ്രേണികളുടെ ബീജഗണിതരൂപം എഴുതുക.

 ii) ഏതൊക്കെ പദങ്ങളുടെ ഗുണനഫലമാണ് 726? (4)

13. ചിത്രത്തിൽ $AB$ വ്യാസമായ വൃത്തത്തിന്റെ കേന്ദ്രമാണ് $C$. $D$ വൃത്തത്തിലെ ഒരു ബിന്ദുവാണ്. $AC$ വ്യാസമായ വൃത്തം $AD$ യുടെ മധ്യബിന്ദുവിൽക്കൂടി കടന്നുപോകുന്നു എന്നു സമർഥിക്കുക.




(4)

SCERT Kerala

**അല്ലെങ്കിൽ**

ചിത്രത്തിൽ $ABCDE$ ഒരു സമപഞ്ചഭുജമാണ്.




i) $AC$ വ്യാസമായ വൃത്തം വരച്ചാൽ $B$ യുടെ സ്ഥാനം വൃത്തത്തിനകത്തോ പുറത്തോ, വൃത്തത്തിൽ തന്നെയോ എന്നു കണ്ടുപിടിക്കുക.

ii ) $A, C, D, E$ എന്നീ മൂലകളിൽകൂടി ഒരു വൃത്തം വരയ്ക്കാൻ കഴിയുമോ? എന്തുകൊണ്ട്?

14. പൊതുവ്യത്യാസം 4 ആയ ഒരു സമാന്തരശ്രേണിയുടെ 6-ാംപദം 29.
    i) ശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.
    ii) 1 മുതൽ 20 വരെയുള്ള എണ്ണൽസംഖ്യകളുടെ തുകയെത്ര?
    iii) തന്നിരിക്കുന്ന സമാന്തരശ്രേണിയുടെ ആദ്യത്തെ 20 പദങ്ങളുടെ തുക കാണുക. (4)

15. പരിവൃത്തആരം 3 സെന്റിമീറ്ററും കോണുകൾ $50^o$ യും $65^o$ യും ആയ ത്രികോണം വരയ്ക്കുക. ഈ ത്രികോണത്തിന്റെ വശങ്ങളുടെ നീളങ്ങൾ അളന്നെഴുതുക. (4)

16. 8, 14, 20, ... എന്ന സമാന്തരശ്രേണിയിൽ ഏതെങ്കിലും പദം പൂർണവർഗമാകുമോ? സമർഥിക്കുക? (4)

17. 10A ക്ലാസിൽ 25 പെൺകുട്ടികളും 20 ആൺകുട്ടികളുമുണ്ട്. 10B ക്ലാസിൽ 20 പെൺകുട്ടികളും 15 ആൺകുട്ടികളുമുണ്ട്. ഒരു മത്സരത്തിനുവേണ്ടി ഓരോ ക്ലാസിൽനിന്നും ഓരോ കുട്ടിയെ തെരഞ്ഞെടുക്കുമ്പോൾ
    i) രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യതയെന്ത്?
    ii) ഒരാളെങ്കിലും പെൺകുട്ടിയാകാനുള്ള സാധ്യതയെന്ത്? (4)

18. $x + 3, 3x - 1, 4x, \ldots$ എന്ന സമാന്തരശ്രേണിയിൽ
    i) $x$ എത്ര?
    ii) ഈ ശ്രേണിയുടെ ഏതെങ്കിലും രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം 2016 ആകുമോ. സമർഥിക്കുക. (4)

**അല്ലെങ്കിൽ**

3, 10, 17, ..., 54, 58, 62, ... എന്നീ സമാന്തരശ്രേണികളിൽ പൊതുവായ ധാരാളം പദങ്ങളുണ്ട്. ഒരേ പദസ്ഥാനത്ത് ഒരേ സംഖ്യ പദമായി വരുന്നുവെങ്കിൽ ആ പദം കണ്ടുപിടിക്കുക.

19. 5 സെന്റിമീറ്റർ നീളവും 4 സെന്റിമീറ്റർ വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക. ഇതേ പരപ്പളവുള്ളതും ഒരു വശം 6 സെന്റിമീറ്റർ ആയതുമായ മറ്റൊരു ചതുരം വരയ്ക്കുക. (5)

20. ഒരേ നീളമുള്ള കമ്പുകളുപയോഗിച്ചു സമചതുരപാറ്റേൺ ഉണ്ടാക്കിയതു നോക്കൂ.



    i) ഓരോ ചിത്രത്തിലും ഉപയോഗിച്ച കമ്പുകളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക.
    ii) ഓരോ ചിത്രത്തിലെയും സമചതുരം ഉൾപ്പെടെയുള്ള ചതുരങ്ങളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക.
    iii) മുകളിലെഴുതിയ രണ്ടു ശ്രേണികളുടെയും ബീജഗണിതരൂപം എഴുതുക. (5)

21. ചിത്രത്തിൽ $ABC$ ഒരു സമഭുജത്രികോണവും $ACD$ ഒരു സമപാർശ്വത്രികോണവുമാണ്. $BE$ വൃത്തത്തിന്റെ വ്യാസമാണെന്ന് സമർഥിക്കുക.




(5)

***അല്ലെങ്കിൽ***

$AB$ വൃത്തത്തിന്റെ വ്യാസമാണ്. $CD$ വ്യാസത്തിനു ലംബമായ ഞാണും. $CD$ യുടെ നീളം 18 സെന്റിമീറ്ററും $AP$ യുടെ നീളം 3 സെന്റിമീറ്ററും ആയാൽ




i) വ്യാസം എത്ര?

ii) $P$ യിൽക്കൂടി വരയ്ക്കുന്ന മറ്റേതെങ്കിലും ഞാണിന്റെ നീളം ഒരു എണ്ണൽസംഖ്യയാകുമോ? സമർഥിക്കുക.

22. കോണുകൾ സമാന്തരശ്രേണിയിലാകുന്ന രീതിയിൽ 9 വശങ്ങളുള്ള കുറേ ബഹുഭുജങ്ങൾ വരച്ചിരിക്കുന്നു.

i) എല്ലാ ബഹുഭുജങ്ങളുടെയും ഒരു കോൺ തുല്യമായിരിക്കും. തുല്യമായ കോൺ എത്ര?

ii) ഏറ്റവും ചെറിയ കോൺ $100^{\circ}$ ആകത്തക്കരീതിയിൽ ഇങ്ങനെയൊരു ബഹുഭുജം വരയ്ക്കാൻ കഴിയുമോ? എന്തുകൊണ്ട്? (5)

*****

SCERT Kerala

# ഉത്തരസൂചിക: ഗണിതം (Class X)
## സെറ്റ് A

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 1. | പൊതുവ്യത്യാസം 7 ആണെന്നു കാണുന്നതിന്<br>16-ാംപദം 105 ആണെന്നു കാണുന്നതിന് | 1<br>1 | <br>2 |
| 2. | $\angle ACB < 90^o$ ആയതിനാൽ വൃത്തം $C$ യിൽക്കൂടി പോകുന്നില്ലെന്നു സമർഥിക്കുന്നതിന്. | 1 + 1 | 2 |
| 3. | ആകെ ഫലങ്ങൾ = 30<br>i) അനുകൂല ഫലങ്ങൾ = 15<br>സാധ്യത = $\frac{15}{30} = \frac{1}{2}$<br>ii) അനുകൂല ഫലങ്ങൾ = 13<br>സാധ്യത = $\frac{13}{30}$<br>iii) അനുകൂല ഫലങ്ങൾ = $\frac{10}{30} = \frac{1}{3}$ | <br><br>1<br><br>1<br>1 | <br><br><br><br><br>3 |
| 4. | $x$ ഒരു ഒറ്റസംഖ്യയായാൽ ഒന്നിടവിട്ട<br>അടുത്ത ഒറ്റസംഖ്യ = $x + 4$<br>$x(x+4) = 621$<br>$x^2 + 4x + 4 = 625$<br>$(x+2)^2 = 625$<br>$x = 23, \ x + 4 = 27$ | <br>1<br><br>1<br><br>1 | <br><br><br><br><br>3 |
| 5. | 12-ാംപദം = 7-ാംപദം + 5 പൊതുവ്യത്യാസം<br>= $45 + 5 \times 8 = 85$<br>12-ാംപദം + $n$ പൊതുവ്യത്യാസം = 285<br>$85 + 8n = 285$<br>$n = 25$<br>285 ന്റെ സ്ഥാനസംഖ്യ = $12 + 25 = 37$ | <br>1<br><br><br>1<br>1 | <br><br><br><br><br>3 |
| 6. | അർധവൃത്തത്തിലെ കോൺ മട്ടകോണാണെന്നു മനസ്സിലാക്കി, കർണം വ്യാസമായി വരയ്ക്കുന്ന വൃത്തം മട്ടത്രികോണത്തിന്റെ മട്ടമൂലയിൽക്കൂടി കടന്നുപോകും എന്നു സമർഥിക്കുന്നു.<br>ലംബവശങ്ങളുടെ എതിർമൂലകളിലെ കോണുകൾ $90^o$ യേക്കാൾ കുറവായതിനാൽ അവ വൃത്തത്തിനു പുറത്തായിരിക്കും. | 1 + 1<br>1 | <br>3 |
| 7. | പൊതുവ്യത്യാസം = $4 \times 2 = 8$<br>ആദ്യപദം = $4 + 5 = 9$<br>ശ്രേണി: 9, 17, 25, ... | 1<br>1<br>1 | <br><br>3 |
| 8. | അർധവൃത്തത്തിലെ കോൺ മട്ടകോൺ<br>$\angle CPQ = \angle DRQ = 90^o$<br>ഒരു വരയുമായി ഒരേ കോൺ ഉണ്ടാക്കുന്ന രീതിയിൽ വരച്ച വരകൾ സമാന്തരമാണ്<br>$CP$, $DR$ എന്നിവ സമാന്തരമാണ്. | 1<br><br><br>1<br>1 | <br><br><br><br>3 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 9. | അർധവൃത്തത്തിന്റെ ആരം $r$ ആയാൽ വലിയ വൃത്തത്തിന്റെ ആരം $2r$ | | |
| | ആകെ ഫലങ്ങൾ = $\pi \times (2r)^2 = 4\pi r^2$ | 1 | |
| | i) അനുകൂല ഫലങ്ങൾ = $2 \times \frac{r^2}{2} = \pi r^2$ | | |
| | സാധ്യത = $\frac{r^2}{4 \ r^2} = \frac{1}{4}$ | 1 | |
| | ii) കറുപ്പിച്ച ഭാഗത്താകാതിരി | | |
| | ക്കാനുള്ള സാധ്യത = $\frac{3 \ r^2}{4 \ r^2} = \frac{3}{4}$ [or $1 - \frac{1}{4} = \frac{3}{4}$] | 1 | 3 |
| | ***അല്ലെങ്കിൽ*** | | |
| | ആകെ ഫലങ്ങൾ = $6 \times 6 = 36$ | 1 | |
| | i) അനുകൂല ഫലങ്ങൾ = 6 | | |
| | സാധ്യത = $\frac{6}{36} = \frac{1}{6}$ | 1 | |
| | ii) അനുകൂല ഫലങ്ങൾ = 5 | | |
| | സാധ്യത = $\frac{5}{36}$ | 1 | 3 |
| 10. | 0 ന്റെ സ്ഥാനസംഖ്യ = $\frac{0 \quad 193}{7} + 1 = \frac{193}{7} + 1$ | 1 | |
| | $= 28\frac{4}{7}$ | | |
| | 0 ശ്രേണിയിലെ പദമല്ല. | 1 | |
| | പൂജ്യം വരെ ശ്രേണിയിൽ 28 പദങ്ങളുണ്ട്. | | |
| | ശ്രേണിയിൽ 28 ന്യൂനസംഖ്യാപദങ്ങളുണ്ട്. | 1 | 3 |
| 11. | • $AB = 7$ സെ.മീ. ($AB = 11$ സെ.മീ.) വരയ്ക്കുന്നതിന് | 1 | |
| | • $PA = 5$ സെ.മീ., $PB = 2$ സെ.മീ. ($PA = 10$, $PB = 1$) ആകുന്ന രീതിയിൽ $AB$ യിൽ $P$ രേഖപ്പെടുത്തുന്നു. | | |
| | • $AB$ വ്യാസമായി അർധവൃത്തം വരയ്ക്കുന്നു. | 1 | |
| | • $AB$ ക്കു ലംബമായി $P$ യിലൂടെ ഒരു വര വരച്ച് അർധ വൃത്തത്തെ $C$ യിൽ മുറിക്കുന്നു. | 1 | |
| | • $PC$ വശമായി ഒരു സമചതുരം വരയ്ക്കുന്നു. | 1 | 4 |
| 12. | (i) 6, 8, 10, .... ന്റെ ബീജഗണിതരൂപം, $x_n = 2n + 4$ | | |
| | 9, 12, 15, .... ന്റെ ബീജഗണിതരൂപം, $x_n = 3n + 6$ | 1 | |
| | ഒരേ സ്ഥാനത്തുള്ള പദങ്ങൾ $n$–ാം പദമായാൽ, | | |
| | (ii) $n$–ാം പദങ്ങളുടെ ഗുണനഫലം 726 | | |
| | $(2n + 4)(3n + 6) = 726$ | 1 | |
| | $2(n + 2)\,3(n + 2) = 726$ | | |
| | $6(n + 2)^2 = 726$ | 1 | |
| | $(n + 2)^2 = 121$ | | |
| | $n = 9$ | | |
| | പദങ്ങൾ 22, 23 | 1 | 4 |
| | $(2n + 4)(3n + 6) = 6n^2 + 24n + 24 = 726$<br>അതായത്, $n^2 + 4n + 4 = 121$<br>എന്നെടുത്തും $n$ കണക്കാക്കാം. | | |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 13. | • $AC$ വ്യാസമായ വൃത്തം $AD$ യെ $P$ യിൽ മുറിക്കുന്നു.<br>• $PC$ യോജിപ്പിക്കുന്നു.<br>• അർധവൃത്തത്തിലെ കോൺ മട്ടകോണായതിനാൽ $\angle APC = 90^o$<br>• $CP$, $AD$ ക്കു ലംബമായതിനാൽ $P$, $AD$ യുടെ മധ്യബിന്ദുവാണ്. (വൃത്തകേന്ദ്രത്തിൽനിന്നും ഞാണിലേക്കു വരയ്ക്കുന്ന ലംബം ഞാണിനെ സമഭാഗം ചെയ്യും) | 1<br>1<br>1<br>1 | 4 |
| | ***അല്ലെങ്കിൽ*** | | |
| | • $ABCDE$ സമപഞ്ചഭുജമായതിനാൽ, $\angle B = 108^o$<br>• $\angle B > 90^o$ ആയതിനാൽ $AC$ വ്യാസമായ വൃത്തത്തിനു അകത്താണ് $B$<br>• $\Delta ABC$ സമപാർശ്വത്രികോണമായതിനാൽ, $\angle BAC = 36^o$<br>• $\angle CAE = 108^o - 36^o = 72^o$<br>• $\angle CAE + \angle CDE = 72^o + 108^o = 180^o$<br>• $ACDE$ ചക്രിയചതുർഭുജമാണ് | 1<br>1<br>1<br><br><br>1 | 4 |
| 14. | (i) $x_n$ = 6–ാംപദം + $(n-6)$ പൊതുവ്യത്യാസം<br>$= 29 + (n-6)\,4 = 4n + 5$<br>(ii) $1 + 2 + 3 + ... + 20 = \frac{20 \quad 21}{2} = 210$<br>(iii) 20 പദങ്ങളുടെ തുക $= 4 \times 210 + 5 \times 20$<br>$= 940$ | 1<br>1<br>1<br>1 | 4 |
| 15. | • 3 സെ.മീ. ആരത്തിൽ വൃത്തം വരയ്ക്കുക. വൃത്തകേന്ദ്രം $O$<br>• $\angle AOB = 100^o$; $\angle BOC = 130^o$ ആകത്തക്ക രീതിയിൽ $A, B, C$ എന്നീ ബിന്ദുക്കൾ വൃത്തത്തിൽ അടയാളപ്പെടുത്തുക.<br>• $\Delta ABC$ വരയ്ക്കുക.<br>• വശങ്ങളുടെ നീളങ്ങൾ അളന്നെഴുതുന്നതിന്. | 1<br>1<br>1<br>1 | 4 |
| 16. | 8, 14, 20, ... ന്റെ ബീജഗണിതരൂപം $x_n = 6n + 2$<br>ശ്രേണിയിലെ പദങ്ങളെ 6 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 2 കിട്ടും.<br>ഏതൊരു പൂർണസംഖ്യയും $6n, 6n \pm 1, 6n \pm 2, 6n \pm 3$ എന്ന രൂപത്തിലായിരിക്കും.<br>$(6n)^2 = 36n^2$ നെ 6 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം, 0<br>$(6n \pm 1)^2 = 36n^2 \pm 12n + 1$ നെ 6 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം, 1<br>$(6n \pm 2)^2 = 36n^2 \pm 24n + 4$ നെ 6 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം, 4<br>$(6n \pm 3)^2 = 36n^2 \pm 36n + 9$ നെ 6 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം, 3<br>പൂർണവർഗങ്ങളെ 6 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 0, 1, 3, 4 എന്നിവയായിരിക്കും.<br>8, 14, 20, ... എന്ന ശ്രേണിയിലെ പദങ്ങളെ 6 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 2 ആയതിനാൽ ശ്രേണിയിൽ പൂർണവർഗങ്ങളില്ല. | 1<br><br><br>1<br><br>1<br><br>1 | 4 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 17. | ആകെ ഫലങ്ങൾ $= (25 + 20)(20 + 15)$ | | |
| | $= 1575$ | 1 | |
| | (i) അനുകൂല ഫലങ്ങൾ $= 25 \times 20 = 500$ | | |
| | സാധ്യത $= \frac{500}{1575} = \frac{20}{63}$ | 1 | |
| | (ii) അനുകൂല ഫലങ്ങൾ $= 25 \times 20 + 25 \times 15 + 20 \times 20$ | 1 | |
| | സാധ്യത $= \frac{1275}{1575} = \frac{53}{63}$ | 1 | 4 |
| 18. | (i) ഒന്നാമത്തെയും മൂന്നാമത്തെയും പദങ്ങളുടെ തുക മധ്യപദത്തിന്റെ ഇരട്ടിയായിരിക്കും. | 1 | |
| | $2(3x - 1) = x + 3 + 4x$ | | |
| | $6x - 2 = 5x + 3$ | | |
| | $x = 5$ | 1 | |
| | ശ്രേണി: 8, 14, 20, ... | | |
| | (ii) രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം പൊതുവ്യത്യാസത്തിന്റെ ഗുണിതമാകും. | 1 | |
| | $2016 = 6 \times 336$ | | |
| | 2016, പൊതുവ്യത്യാസമായ 6 ന്റെ ഗുണിതമാണ്. | | |
| | രണ്ടു പദങ്ങൾ തമ്മിലുള്ള വ്യത്യാസം 2016 ആകും. | 1 | 4 |
| | ***അല്ലെങ്കിൽ*** | | |
| | 3, 10, 17, ... ന്റെ ബീജഗണിതരൂപം, $x_n = 7n - 4$ | 1 | |
| | 54, 58, 62, ... ന്റെ ബീജഗണിതരൂപം, $x_n = 4n + 50$ | 1 | |
| | രണ്ടു ശ്രേണിയിലെയും $n$-ാംപദങ്ങൾ ഒന്നുതന്നെയായാൽ, | | |
| | $7n - 4 = 4n + 50$ | 1 | |
| | $3n = 54$ | | |
| | $n = 18$ | | |
| | $n = 18;\ 7n - 4 = 7 \times 18 - 4$ | 1 | 4 |
| | $= 122$ | | |
| 19. | • *AB* = 5 സെ.മീ., *AD* = 4 സെ.മീ. ആകുന്ന രീതിയിൽ *ABCD* എന്ന ചതുരം വരയ്ക്കുക. | | |
| | • *BE* = 1 സെ.മീ. ആകുന്ന രീതിയിൽ *AB* നീട്ടി വരയ്ക്കുക. | 1 | |
| | • *AF* = *AE* = 6 സെ.മീ. ആകത്തക്കരീതിയിൽ *DA* നീട്ടി വരയ്ക്കുക. | 1 | |
| | • *AG* = 4 സെ.മീ. ആകത്തക്ക രീതിയിൽ *BA* നീട്ടി വരയ്ക്കുക. | 1 | |
| | • $\Delta BFG$ യുടെ പരിവൃത്തം വരച്ച് *AD* യെ *P* യിൽ മുറിക്കുക. | 1 | |
| | • *AE* നീളവും *AP* വീതിയുമായി ചതുരം വരയ്ക്കുക. | 1 | 5 |
| 20. | i) 4, 7, 10, ... | 1 | |
| | ii) 1, 1 + 2, 1 + 2 + 3, 1 + 2 + 3 + 4, ... | | |
| | 1, 3, 6, 10 | 1 | |
| | iii) 4, 4 + 3, $4 + 2 \times 3$, $4 + 3 \times 3$, ... | | |
| | $x_n = 4 + (n - 1)3 = 3n + 1$ | 1 | |
| | 1, 1 + 2 1 + 2 + 3, 1 + 2 + 3 + 4, ... | 1 | |
| | $x_n = 1 + 2 + 3 + 4 + ... + n$ | | |
| | $= \frac{n(n \quad 1)}{2}$ | 1 | 5 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 21. | $\Delta ACB$ സമഭുജത്രികോണമായതിനാൽ | | |
| | $\angle ACB = 60^o$ | 1 | |
| | $\angle ACD = 120^o$ | 1 | |
| | $\Delta ACD$ സമപാർശ്വത്രികോണമായതിനാൽ | | |
| | $\angle CAD = 30^o$ | 1 | |
| | $\angle BAD = \angle BAC + \angle CAD$ | | |
| | $= 60^o + 30^o = 90^o$ | 1 | |
| | അർധവൃത്തത്തിലെ കോൺ മട്ടകോൺ ആയതിനാൽ | | |
| | $BE$ വ്യാസമാണ്. | 1 | 5 |
| | ***അല്ലെങ്കിൽ*** | | |
| | (i) $PA \times PB = PC^2$ | 1 | |
| | $PB = \frac{81}{3} = 27$ സെ.മീ. | | |
| | $AB = 3 + 27 = 30$ സെ.മീ. | 1 | |
| | (ii) $PA \times PB = 3 \times 27 = 81$ | | |
| | $P$ യിലൂടെ മറ്റൊരു ഞാൺ $EF$ ആയാൽ | | |
| | $PE \times PF = 81$ ആകണം. | 1 | |
| | $EF$ ന്റെ നീളം എണ്ണൽസംഖ്യയാകണമെങ്കിൽ ($PE = 3$ സെ.മീ., $PF = 27$ സെ.മീ.), ($PE = 1$ സെ.മീ., $PF = 81$ സെ.മീ.) എന്നിവ യായിരിക്കണം. $PE = 1$ സെ.മീ., $PF = 81$ സെ.മീ. ആയാൽ | | |
| | $EF = 82$ ആകും. ഇതു സാധ്യമല്ല. | 1 | |
| | $PE = 3$ സെ.മീ., $PF = 27$ സെ.മീ., $EF = 30$ ആകും. അപ്പോൾ അതു വൃത്തത്തിന്റെ വ്യാസമാകും. | | |
| | $P$ യിൽക്കൂടി $AB$ യല്ലാതെ മറ്റൊരു വ്യാസമില്ല. | 1 | 5 |
| 22. | കോണുകളുടെ തുക $= 7 \times 180^o$ | | |
| | (i) 9 പദങ്ങളുടെ തുകയിൽനിന്നും 5-ാംപദം (മധ്യപദം) കണക്കാക്കുന്ന രീതിയിൽ | | |
| | 5-ാംപദം (5-ാം കോൺ) $= \frac{7 \quad 180}{9}$ | | |
| | $= 140^o$ | 1 | |
| | എല്ലാ സമാന്തരശ്രേണികളുടെയും 5-ാംപദം (5-ാംകോൺ) | | |
| | $140^o$ ആയിരിക്കും. | 1 | |
| | (ii) ഏറ്റവും ചെറിയ കോൺ $100^o$ ആയാൽ, ആദ്യ പദം 100 | | |
| | ആദ്യ പദം + 4 പൊതുവ്യത്യാസം = 5-ാംപദം | | |
| | $100 + 4d = 140$ | | |
| | $d = 10$ | 1 | |
| | 9-ാംപദം = 5-ാംപദം + $4d$ | | |
| | $= 140 + 4 \times 10 = 180$ | | |
| | ഒരു ബഹുഭുജത്തിന്റെ കോൺ $180^o$ ആകില്ല. | 1 | 5 |

SCERT Kerala

# പാദവാർഷിക മൂല്യനിർണയം - 2016

# ഗണിതം

**സ്റ്റാന്റേർഡ്: X** **സമയം: 2½ മണിക്കൂർ**

**സ്കോർ: 80**

**നിർദേശങ്ങൾ**

1. ആദ്യത്തെ 15 മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
3. ഏതെങ്കിലും ചോദ്യങ്ങളിൽ ***അല്ലെങ്കിൽ*** എന്നുണ്ടെങ്കിൽ അതിൽ ഒന്നിനുമാത്രം ഉത്തരമെഴുതിയാൽ മതി.
4. പ്രത്യേകം ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ $\pi$, $\sqrt{2}$, $\sqrt{3}$ തുടങ്ങിയ അഭിന്നകങ്ങൾക്ക് ഏകദേശവില നൽകി ലഘൂകരിക്കേണ്ടതില്ല.

1. പൊതുവ്യത്യാസം 7 ആയ ഒരു സമാന്തരശ്രേണിയിലെ പദമാണ് 98. ഈ ശ്രേണിയിൽ 2016 ഒരു പദമാകുമോ? എന്തുകൊണ്ട്? (2)

2. ഒരു ത്രികോണത്തിന്റെ ഒരു കോൺ $130^{\circ}$ യാണ്. ഈ കോണിനെതിരായ വശം വ്യാസമായി വൃത്തം വരച്ചാൽ ഈ കോണിന്റെ മൂല വൃത്തത്തിനകത്തോ, പുറത്തോ വൃത്തത്തിൽ തന്നെയോ എന്നു കണ്ടുപിടിക്കുക. (2)

3. i) 1 മുതൽ 20 വരെയുള്ള എണ്ണൽസംഖ്യകളുടെ തുകയെത്ര?

   ii) ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $6n + 5$ ആണ്. ഈ ശ്രേണിയുടെ ആദ്യത്തെ 20 പദങ്ങളുടെ തുകയെത്ര? (3)

4. ഒരു പെട്ടിയിൽ നീല പന്തുകളും കറുത്ത പന്തുകളുമായി 12 പന്തുകളുണ്ട്. ഇതിൽ 5 എണ്ണം നീലയാണ്. പെട്ടിയിലേക്ക് നോക്കാതെ ഒരു പന്തെടുത്താൽ അത്

   i) നീലയാകാനുള്ള സാധ്യത എന്ത്?

   ii) ഈ പെട്ടിയിലേക്ക് ഒരു നീല പന്തും ഒരു കറുത്ത പന്തും കൂടി ഇട്ടതിനുശേഷം ഒരു പന്തെടുത്താൽ അതു നീലയാകാനുള്ള സാധ്യത കൂടുമോ കുറയുമോ? സമർഥിക്കുക. (3)

5. ചിത്രത്തിൽ വൃത്തത്തിന്റെ വ്യാസമാണ് $AB$. $CD$ എന്ന ഞാൺ $AB$ യ്ക്കു ലംബമാണ്. $CD = 4\sqrt{5}$ സെന്റിമീറ്റർ, $PA = 2$ സെന്റിമീറ്റർ ആയാൽ വ്യാസമെത്ര?




(3)

6. 171, 167, 163, ... എന്ന സമാന്തരശ്രേണിയിൽ

   i) '0' ഒരു പദമാകുമോ? സമർഥിക്കുക.

   ii) എത്ര അധിസംഖ്യകളായ പദങ്ങളുണ്ട്? (3)

SCERT Kerala

7. ഒരു മട്ടത്രികോണത്തിന്റെ ലംബവശങ്ങളുടെ വ്യത്യാസം 10 സെന്റിമീറ്ററും പരപ്പളവ് 72 ചതുരശ്ര സെന്റിമീറ്ററും ആണെങ്കിൽ ലംബവശങ്ങളുടെ നീളം കാണുക. (3)

8. *ABCDEF* ഒരു സമഷഡ്ഭുജമാണ്. *FC* വരച്ചാൽ കിട്ടുന്ന രണ്ടു ചതുർഭുജങ്ങളും ചക്രീയമാകുമോ? എന്തുകൊണ്ട്?




(3)

9. പൊതുവ്യത്യാസം 8 ആയ ഒരു സമാന്തരശ്രേണിയുടെ 10-ാം പദം 82 ആണ്. എത്രാം പദമാണ് 250? (3)

10. ചിത്രത്തിൽ വലിയ വൃത്തത്തിന്റെ കേന്ദ്രമാണ് *M*. വലിയ വൃത്തത്തിന്റെ ആരം വ്യാസമായി ഒരു ചെറിയ വൃത്തം വരച്ചിരിക്കുന്നു. കണ്ണടച്ച് ചിത്രത്തിൽ ഒരു കുത്തിട്ടാൽ അതു ചെറിയ വൃത്തത്തിനകത്താകാനുള്ള സാധ്യതയെന്ത്? ചെറിയ വൃത്തത്തിനു പുറത്താകാനുള്ള സാധ്യതയെന്ത്?




(3)

SCERT Kerala

***അല്ലെങ്കിൽ***

i) 4, 6, 9 എന്നീ അക്കങ്ങൾ ഉപയോഗിച്ച് അക്കങ്ങൾ ആവർത്തിക്കാതെ എത്ര മൂന്നക്കസംഖ്യകൾ എഴുതാം.

ii) ഇങ്ങനെ എഴുതാവുന്ന മൂന്നക്കസംഖ്യകൾ ഒറ്റസംഖ്യയാകാനുള്ള സാധ്യതയെന്ത്?

iii) ഇരട്ടസംഖ്യയാകാനുള്ള സാധ്യതയെന്ത്?

11. 10, 17, 24, ... എന്ന സമാന്തരശ്രേണിയുടെ

i) ബീജഗണിതരൂപം എഴുതുക.

ii) ഈ ശ്രേണിയിലെ ഒരു പദവും പൂർണവർഗമാകില്ലെന്ന് സമർഥിക്കുക. (4)

12. ‘*O*’ കേന്ദ്രമായ വൃത്തത്തിലെ ബിന്ദുക്കളാണ് *P*, *Q*, *R*, *S* എന്നിവ. $\angle ROS = 80^\circ$, $\angle QSR = 30^\circ$ ആയാൽ ചുവടെ കൊടുത്ത കോണുകൾ കാണുക.

i) $\angle OSQ$ = ...........

ii) $\angle SQR$ = ...........

iii) $\angle P$ = ...........

iv) $\angle QOR$ = ...........




(4)

13. പൊതുവ്യത്യാസം 4 ആയ ഒരു സമാന്തരശ്രേണിയുടെ പദങ്ങളെല്ലാം അധിസംഖ്യകളാണ്. ഈ ശ്രേണിയിലെ തുടർച്ചയായ രണ്ടു പദങ്ങളുടെ ഗുണനഫലം അവയുടെ തുകയ്ക്കു തുല്യമാണ്.
    i) ഒരു പദം $x$ എന്നെടുത്താൽ തൊട്ടടുത്ത പദം ഏതായിരിക്കും?
    ii) പദങ്ങൾ കണക്കാക്കുക. (4)

14. പരിവൃത്തആരം 3.5 സെന്റിമീറ്ററും രണ്ടു കോണുകൾ $45^o$ യും $60^o$ യും ആകത്തക്കവിധം ത്രികോണം വരയ്ക്കുക. ത്രികോണത്തിന്റെ വശങ്ങളുടെ നീളം അളന്നെഴുതുക. (4)

15. ഒരു സമാന്തരശ്രേണിയുടെ $m$-ാം പദത്തിന്റെ $n$ മടങ്ങ് $n$-ാംപദത്തിന്റെ $m$ മടങ്ങിനു തുല്യമാണ്. ശ്രേണിയുടെ പൊതുവ്യത്യാസം ആദ്യ പദത്തിനു തുല്യമാണെന്നു സമർഥിക്കുക. (4)

***അല്ലെങ്കിൽ***

ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $7n + 3$ ആകുന്നു.
    i) ഈ ശ്രേണിയിലെ പദങ്ങളെ 7 കൊണ്ടു ഹരിക്കുമ്പോൾ കിട്ടുന്ന ശിഷ്ടം എത്രയായിരിക്കും?
    ii) 100 നും 300 നും ഇടയിൽ വരുന്ന എത്ര എണ്ണൽസംഖ്യകൾ ഈ ശ്രേണിയിലെ പദങ്ങളാകും?

16. ചിത്രത്തിൽ $ABCD$ ഒരു സമചതുരമാണ്. കണ്ണടച്ച് ചിത്രത്തിൽ ഒരു കുത്തിട്ടാൽ
    i) അതു സമചതുരത്തിനകത്താകാനുള്ള സാധ്യതയെന്ത്?
    ii) ത്രികോണം $ABE$ ക്ക് അകത്താകാനുള്ള സാധ്യതയെന്ത്?




(4)

17. ചിത്രത്തിൽ രണ്ടു വൃത്തങ്ങൾ $Q$, $C$ എന്നീ ബിന്ദുക്കളിൽ മുറിച്ചു കടക്കുന്നു. $PA$ യ്ക്കു സമാന്തരമാണ് $RB$. $A, C, B$ എന്നീ ബിന്ദുക്കൾ ഒരേ വരയിലാണെന്നു സമർഥിക്കുക.




(4)

***അല്ലെങ്കിൽ***

ഒരു സമപഞ്ചഭുജത്തിന്റെ ഒന്നിടവിട്ട രണ്ടു മൂലകൾ യോജിപ്പിച്ചാൽ കിട്ടുന്ന ചതുർഭുജം ചക്രീയമാണെന്ന് തെളിയിക്കുക.

18. 12 ചതുരശ്രസെന്റിമീറ്റർ പരപ്പളവുള്ള സമചതുരം നിർമിക്കുക. (4)

19. ത്രികോണം, ചതുർഭുജം, പഞ്ചഭുജം, ഷഡ്ഭുജം, എന്നിങ്ങനെ വശങ്ങളുടെ എണ്ണം 1 വീതം കൂടി വരുന്ന ചിത്രങ്ങൾ വരച്ചിരിക്കുന്നു.



i) ഓരോ ചിത്രത്തിലേയും കോണുകളുടെ തുകയുടെ ശ്രേണി എഴുതുക.

ii) ഓരോ ചിത്രത്തിലും വരയ്ക്കാവുന്ന വികർണങ്ങളുടെ എണ്ണത്തിന്റെ ശ്രേണി എഴുതുക.

iii) മുകളിലെഴുതിയ രണ്ടു ശ്രേണിയുടെയും ബീജഗണിതരൂപം എഴുതുക. (5)

20. $AB$ വ്യാസമായ വൃത്തത്തിന്റെ കേന്ദ്രമാണ് $C$. $\Delta PDC$ ഒരു സമപാർശ്വത്രികോണമാണ്.

$AB^2 = 4PD \times DE$ എന്നു തെളിയിക്കുക.




(5)

***അല്ലെങ്കിൽ***




ചതുർഭുജം $ABCD$ ചക്രീയമാണ്. $\angle GBC = 80^\circ$, $\angle A = 50^\circ$

i) ചതുർഭുജത്തിന്റെ മറ്റു കോണുകൾ കാണുക. $\angle ADL$ എത്ര?

ii) ചക്രീയ ചതുർഭുജത്തിന്റെ എതിർമൂലകളിലെ പുറം കോണുകളുടെ തുക $180^\circ$ ആയിരിക്കുമെന്നു സമർഥിക്കുക.

SCERT Kerala

21. 3, 7, 11, ... എന്ന സമാന്തരശ്രേണിയിലെ പദങ്ങളുപയോഗിച്ചു തയാറാക്കിയ ഒരു പാറ്റേൺ ചുവടെ തന്നിരിക്കുന്നു.

| | | | |
|---|---|---|---|
| 3 | | | |
| 7 | 11 | | |
| 15 | 19 | 23 | |
| 27 | 31 | 35 | 39 |

....................................

....................................

i) അടുത്ത രണ്ടു വരികൾകൂടി എഴുതുക.

ii) 15-ാം വരിയിലെ അവസാന സംഖ്യ 3, 7, 11, ... എന്ന സമാന്തരശ്രേണിയിലെ എത്രാം പദമാണ്?

iii) 15-ാം വരിയിലെ ആദ്യസംഖ്യയും അവസാന സംഖ്യയും കാണുക. (5)

22. 7 സെന്റിമീറ്റർ നീളവും 3 സെന്റിമീറ്റർ വീതിയും ആയ ഒരു ചതുരം വരയ്ക്കുക. ഇതേ പരപ്പളവുള്ളതും ഒരു വശം 8 സെന്റിമീറ്ററുമായ മറ്റൊരു ചതുരം വരയ്ക്കുക. (5)

*****

# ഉത്തരസൂചിക: ഗണിതം (Class X)
## സെറ്റ് B

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 1. | $98 = 7 \times 14$; 98, 7 ന്റെ ഗുണിതമാണ്<br>$2016 = 7 \times 288$; 2016, 7 ന്റെ ഗുണിതമാണ്<br>2016; ശ്രേണിയിലെ പദമാണ് | <br>1<br>1 | <br><br>2 |
| 2. | വ്യാസം ഒരു ബിന്ദുവിൽ ഉണ്ടാക്കുന്ന കോൺ $90^o$ യേക്കാൾ കൂടുതലായാൽ ആ ബിന്ദു വൃത്തത്തിനകത്തായിരിക്കും.<br>$130^o$ കോൺ ഉണ്ടാക്കുന്ന ബിന്ദു വൃത്തത്തിനകത്തായിരിക്കും. | 1<br>1 | <br>2 |
| 3. | i) $1 + 2 + 3 + ... + 20 = \frac{20 \quad 21}{2} = 210$<br>ii) 20 പദങ്ങളുടെ തുക $= 6\,(1 + 2 + ... + 20) + (5 + 5 + ... + 5)$<br>$= 6 \times 210 + 5 \times 20$<br>$= 1360$ | 1<br>1<br><br>1 | <br><br><br>3 |
| 4. | i) ആകെ ഫലങ്ങൾ = 12<br>അനുകൂല ഫലങ്ങൾ = 5<br>സാധ്യത $= \frac{5}{12}$<br>ii) ആകെ ഫലങ്ങൾ $= 12 + 2 = 14$<br>അനുകൂല ഫലങ്ങൾ = 6<br>സാധ്യത $= \frac{6}{14}$<br>$\frac{5}{12} < \frac{6}{14}$<br>സാധ്യത കൂടും. | <br><br>1<br><br><br>1<br><br>1 | <br><br><br><br><br><br><br>3 |
| 5. | $PA \times PB = PC^2$<br>$2 \times PB = (2\sqrt{5})^2 = 20$<br>$PB$ = 10 സെ.മീ.<br>$AB$ = 12 സെ.മീ. | 1<br>1<br><br>1 | <br><br><br>3 |
| 6. | i) പൂജ്യത്തിന്റെ പദസ്ഥാനം $= \frac{0 \quad 171}{4} + 1$<br>$= 43\frac{3}{4}$<br>പൂജ്യം ഈ ശ്രേണിയിലെ പദമല്ല.<br>ii) പൂജ്യം വരെ 43 സംഖ്യകളുണ്ട്.<br>ഇവയെല്ലാം അധിസംഖ്യകളാണ്. തുടർന്നുവരുന്നവ ന്യൂനസംഖ്യകളാണ്.<br>ശ്രേണിയിൽ 43 അധിസംഖ്യാപദങ്ങളുണ്ട്. | <br><br>1<br>1<br><br>1 | <br><br><br><br><br>3 |
| 7. | ലംബവശങ്ങളിൽ ഒന്നിന്റെ നീളം $x$ ആയാൽ<br>രണ്ടാമത്തെ ലംബ വശം $= x - 10$<br>പരപ്പളവ് $\frac{1}{2}x\,(x - 10) = 72$<br>$x^2 - 10x = 144$<br>$(x - 5)^2 = 169$<br>$x = 18$<br>ലംബവശങ്ങൾ: 18 സെ.മീ., 8 സെ.മീ. | <br><br>1<br><br>1<br><br>1 | <br><br><br><br><br><br>3 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 8. | സമഷഡ്ഭുജത്തിന്റെ ഒരു കോൺ $120^o$. | 1 | |
| | $\angle AFE$ യുടെയും $\angle BCD$ യുടെയും പൊതുസമഭാജിയാണ് $CF$ | | |
| | $\angle AFC = \angle BCF = 60^o$ | 1 | |
| | $\angle ABC = 120^o$ | | |
| | $\angle AFC + \angle ABC = 180^o$ | 1 | 3 |
| | $ABCF$ ചക്രീയമാണ്. ($ABCDEF$ ഒരു സമഷഡ്ഭുജമായതിനാൽ അതിന്റെ മൂലകൾ ഒരു വൃത്തത്തിലായിരിക്കും) | | |
| 9. | 10–ാംപദം + $n$ പൊതുവ്യത്യാസം = 250 | 1 | |
| | $82 + 8n = 250$ | | |
| | $n = \frac{168}{8} = 21$ | 1 | |
| | 250 ന്റെ പദസ്ഥാനം $= 10 + 21 = 31$ | 1 | 3 |
| 10. | ചെറിയ വൃത്തത്തിന്റെ ആരം $= r$ | | |
| | വലിയ വൃത്തത്തിന്റെ ആരം $= 2r$ | | |
| | വലിയ വൃത്തത്തിന്റെ പരപ്പളവ് $= 4\pi r^2$ | | |
| | ആകെ ഫലങ്ങൾ $= 4\pi r^2$ | 1 | |
| | അനുകൂല ഫലങ്ങൾ $= \pi r^2$ | | |
| | സാധ്യത $= \frac{r^2}{4\ r^2} = \frac{1}{4}$ | 1 | |
| | ചെറിയ വൃത്തത്തിനു പുറത്താകാനുള്ള | | |
| | സാധ്യത $= \frac{3}{4}$ | 1 | 3 |
| | ***അല്ലെങ്കിൽ*** | | |
| | i) മൂന്നക്കസംഖ്യകളുടെ എണ്ണം $= 2 \times 3 = 6$ | 1 | |
| | ii) അനുകൂല ഫലങ്ങൾ $= 2$ | | |
| | സാധ്യത $= \frac{2}{6} = \frac{1}{3}$ | 1 | |
| | iii) ഇരട്ടസംഖ്യയാകാനുള്ള സാധ്യത $= \frac{2}{3}$ | 1 | 3 |
| 11. | i) $x_n = dn + f - d$ | | |
| | $= 7n + 3$ | 1 | |
| | ii) ഈ ശ്രേണിയിലെ പദങ്ങളെ 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 3 കിട്ടും. | | |
| | ഏതൊരു സംഖ്യയും $7n$, $7n \pm 1$, $7n \pm 2$, $7n \pm 3$ ആയിരിക്കും. | | |
| | $(7n)^2 = 49n^2$, 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 0 | | |
| | $(7n \pm 1)^2 = 49n^2 \pm 14n \pm 1$; 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 1 | 1 | |
| | $(7n \pm 2)^2 = 49n^2 \pm 28n \pm 4$; 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 4 | | |
| | $(7n \pm 3)^2 = 49n^2 \pm 42n \pm 9$; 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 2 | 1 | |
| | അതായത്, പൂർണവർഗങ്ങളെ 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 0, 1, 2, 4 എന്നിവയായിരിക്കും. | | |
| | തന്നിരിക്കുന്ന ശ്രേണിയിലെ പദങ്ങളെ 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം 3 ആണു കിട്ടുന്നത്. | 1 | 4 |
| | അതിനാൽ ഈ ശ്രേണിയിൽ പൂർണവർഗങ്ങൾ ഉണ്ടാകില്ല. | | |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 12. | i) $\angle OSQ = 50 - 30 = 20^o$ | 1 | |
| | ii) $\angle SQR = 40^o$ | 1 | |
| | iii) $\angle QRS = 180 - (40 + 30) = 110^o$ | | |
| | $\angle P = 70^o$ | 1 | |
| | iv) $\angle QOR = 2 \times 30 = 60^o$ | 1 | 4 |
| 13. | (i) പദങ്ങൾ $x, x + 4$ എന്നിവയായാൽ | 1 | |
| | (ii) $x (x + 4) = x + x + 4$ | 1 | |
| | $x^2 + 4x = 2x + 4$ | | |
| | $x^2 + 2x = 4$ | | |
| | $(x + 1)^2 = 5$ | 1 | |
| | $x = \sqrt{5} - 1$ | | |
| | പദങ്ങൾ: $\sqrt{5} - 1, \sqrt{5} + 3$ | 1 | 4 |
| 14. | 3.5 സെ.മീ. ആരമുള്ള വൃത്തം വരയ്ക്കുക. | 1 | |
| | $\angle AOB = 90^o$; $\angle BOC = 120^o$ ആകത്തക്കരീതിയിൽ വൃത്തത്തിൽ | | |
| | $A, B, C$ എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക. | 1 | |
| | $\Delta ABC$ വരയ്ക്കുക. | 1 | |
| | $AB, BC, AC$ എന്നീ വശങ്ങളുടെ നീളങ്ങൾ അളന്നെഴുതുക. | 1 | 4 |
| 15. | ആദ്യ പദം $= f$, പൊതുവ്യത്യാസം $= d$ | | |
| | $(x_m)$ $m$-ാം പദം $= dm + f - d$ | 1 | |
| | $nx_m = dnm + fn - dn$ | 1 | |
| | $x_n = dn + f - d$ | | |
| | $mx_n = dnm + fm - dm$ | 1 | |
| | $nx_m = mx_n$ ആയതിനാൽ $dnm + fn - dn = dnm + fm - dm$ | | |
| | $f(n - m) = d(n - m)$ | | |
| | $f = d$ | 1 | 4 |
| | **അല്ലെങ്കിൽ** | | |
| | i) $x_n = 7n + 3$ | | |
| | പദങ്ങളെ 7 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം = 3 | 1 | |
| | ii)<br>14<br>7 \| 100 + 1 = 101<br>98<br>2 + 1 = 3<br><br>42<br>7 \| 300 − 3 = 297<br>98<br>20<br>16<br>6 − 3 = 3 | 1 | |
| | 101, 108, 115, ..., 297 | 1 | |
| | പദങ്ങളുടെ എണ്ണം = 29 എന്നു കാണുന്നതിന്. | 1 | 4 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 16. | $AB = a$<br>സമചതുരത്തിന്റെ പരപ്പളവ് $= a^2$<br>വൃത്തത്തിന്റെ ആരം $= \frac{a}{\sqrt{2}}$<br>വൃത്തത്തിന്റെ പരപ്പളവ് $= \frac{a^2}{2}$<br>i) സമചതുരത്തിനകത്ത് വരാനുള്ള സാധ്യത $= \frac{2}{}$<br>ii) $\Delta ABE$ യുടെ പരപ്പളവ് $= \frac{a^2}{2}$<br>സാധ്യത $= \frac{1}{}$ | <br><br>1<br>1<br>1<br><br>1 | <br><br><br><br><br><br>4 |
| 17. | ചിത്രത്തിൽ $AC, QC, BC$ യോജിപ്പിക്കുക.<br>$\angle P = x^o, \angle R = 180 - x$<br>$\angle ACQ = 180 - x^o$<br>$\angle BCQ = x$<br>$\angle ACQ + \angle BCQ = 180 - x + x = 180$<br>$A, C, B$ എന്നിവ ഒരേ വരയിലാണ്.<br>**അല്ലെങ്കിൽ**<br>$ABCDE$ ഒരു സമപഞ്ചഭുജമാണ്.<br>$AC$ യോജിപ്പിക്കുക $\angle ABC = 108^o, \angle BAC = \angle BCA = 36^o$<br>ചതുർഭുജം $ACDE$ പരിഗണിച്ചാൽ<br>$\angle EAC = 108^o - 36^o = 72^o$<br>$\angle CDE = 108^o$<br>$\angle EAC + \angle CDE = 72 + 108 = 180^o$<br>(സമപഞ്ചഭുജത്തിന്റെ മൂലകളെല്ലാം വൃത്തത്തിലാണ്) | <br>1<br>1<br><br>1<br>1 | <br><br><br><br><br>4 |
| 18. | $AB = 7$ സെ.മീ. ($AB = 8$ സെ.മീ. അല്ലെങ്കിൽ $AB = 13$ സെ.മീ.) വരയ്ക്കുക.<br>$PA = 4$ സെ.മീ., $PB = 3$ സെ.മീ. ($PA = 6$ സെ.മീ., $PB = 2$ സെ.മീ.: $PA = 12$ സെ.മീ., $PB = 1$ സെ.മീ.) ആകുന്ന രീതിയിൽ $AB$ യിൽ $P$ അടയാളപ്പെടുത്തുക.<br>$AB$ വ്യാസമായി അർധവൃത്തം വരയ്ക്കുക.<br>$AB$ യ്ക്കു ലംബമായി $PC$ വരച്ചു വൃത്തത്തെ $C$ യിൽ മുറിക്കുക.<br>$PC$ വശമായി സമചതുരം വരയ്ക്കുക. | 1<br>1<br><br>1<br>1 | <br><br><br><br>4 |
| 19. | i) 180, 360, 540, 720, ...<br>ii) 0, 2, 5, 9, ...<br>iii) 180, 360, 540, 720, ..., $x_n = 180n$<br>0, 2, 5, 9, ..., $x_n = \frac{(n \quad 2)(n \quad 1)}{2}$ | 1<br>1<br>1<br>2 | <br><br><br>4 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 20. | | | |
| | $PA \times PB = PD \times PE$ | 1 | |
| | $(CA + PC)(CB - PC) = PD(ED - PD)$ | 1 | |
| | $CA^2 - PC^2 = PD \,.\, DE - PD^2$ | | |
| | $CA^2 = PC^2 + PD \,.\, DE - PD^2$ | 1 | |
| | $CA^2 = PD \times DE \; [\because PC = PD]$ | 1 | |
| | $\left(\frac{AB}{2}\right)^2 = PD \times DE$ | | |
| | $(AB)^2 = 4\, PD \times DE$ | 1 | 5 |
| | ***അല്ലെങ്കിൽ*** | | |
| | i) $\angle ABC = 100^\circ$ | 1 | |
| | $\angle ADC = 80^\circ$ | | |
| | $\angle ADL = 100^\circ$ | 1 | |
| | ii) $\angle CBG = x^\circ; \angle ABC = 180 - x^\circ$ | | |
| | $\angle ADC = x^\circ$ | 1 | |
| | $\angle ADL = 180 - x^\circ$ | 1 | |
| | $\angle CBG + \angle ADL = 180^\circ$ | 1 | 5 |
| 21. | i) 43 47 51 55 59 | | |
| | 63 67 71 75 79 83 | 1 | |
| | ii) 2-ാംവരിയിലെ അവസാനത്തെ സംഖ്യ 1 + 2 = 3-ാം പദമാണ്. | | |
| | 3-ാംവരിയിലെ അവസാനത്തെ സംഖ്യ 1 + 2 + 3 = 6-ാം പദമാണ്. | 1 | |
| | 15-ാംവരിയിലെ അവസാനത്തെ സംഖ്യ 1 + 2 + 3 + ... + 15 = 120-ാം പദമാണ്. | 1 | |
| | 3, 7, 11, ... എന്ന ശ്രേണിയിലെ 120-ാം പദം | | |
| | $3 + 119 \times 4 = 3 + 476 = 479$ | 1 | |
| | 15-ാം വരിയിലെ ആദ്യസംഖ്യ $= 479 - 14 \times 4$ | | |
| | $= 479 - 56 = 423$ | 1 | 5 |
| 22. | $AB$ = 7 സെ.മീ., $BC$ = 3 സെ.മീ. ചതുരം വരയ്ക്കുക. | | |
| | $ABCD$ വരയ്ക്കുക. | 1 | |
| | $BE$ = 1 സെ.മീ. ($AE$ = 8 സെ.മീ.) ആകത്തക്കരീതിയിൽ | | |
| | $AE$ വരയ്ക്കുക. | | |
| | $AF = AE$ = 8 സെ.മീ. ആകത്തക്കരീതിയിൽ $DA$ നീട്ടിയതിൽ | | |
| | $F$ അടയാളപ്പെടുത്തുക. | 1 | |
| | $AG$ = 3 സെ.മീ. ആകത്തക്കരീതിയിൽ $BA$ നീട്ടി വരയ്ക്കുക. | 1 | |
| | $\Delta BFG$ യുടെ പരിവൃത്തം വരച്ച് $AD$ യെ $P$ യിൽ മുറിക്കുക. | 1 | |
| | $AE$ നീളത്തിലും $AP$ വീതിയിലും ചതുരം വരയ്ക്കുക. | 1 | 5 |
| | | | |

SCERT Kerala

# പാദവാർഷിക മൂല്യനിർണയം - 2016
# ഗണിതം

**സ്റ്റാന്റേർഡ്: X** | **സമയം: 2½ മണിക്കൂർ**
**സ്കോർ: 80**

**നിർദേശങ്ങൾ**

1. ആദ്യത്തെ 15 മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
3. ഏതെങ്കിലും ചോദ്യങ്ങളിൽ ***അല്ലെങ്കിൽ*** എന്നുണ്ടെങ്കിൽ അതിൽ ഒന്നിനുമാത്രം ഉത്തരമെഴുതിയാൽ മതി.
4. പ്രത്യേകം ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ $\pi$, $\sqrt{2}$, $\sqrt{3}$ തുടങ്ങിയ അഭിന്നകങ്ങൾക്ക് ഏകദേശവില നൽകി ലഘൂകരിക്കേണ്ടതില്ല.

---

1. ചിത്രത്തിൽ $AB$, $CD$, $MG$ എന്നീ ഞാണുകൾ $P$ യിൽക്കൂടി മുറിച്ചു കടക്കുന്നു.
$PA = 12$ സെന്റിമീറ്റർ, $BP = 6$ സെന്റിമീറ്റർ.
$PD = 18$ സെന്റിമീറ്റർ, $PM = 7.2$ സെന്റിമീറ്റർ
$PG$, $PC$ എന്നീ നീളങ്ങൾ കണ്ടുപിടിക്കുക. (2)




2. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $6n + 3$ ആണ്. ഈ ശ്രേണിയിലെ ഏതാനും പദങ്ങളുടെ തുക 2017 ആകുമോ? സമർഥിക്കുക. (2)

3. ചിത്രത്തിൽ $ABCD$ ഒരു സമഭുജസാമാന്തരികമാണ്. $AB$ വ്യാസമായി വരയ്ക്കുന്ന വൃത്തം $\Delta CPD$ യുടെ ഏതെങ്കിലും മൂലയിൽകൂടി കടന്നുപോകുമോ? സമർഥിക്കുക. (3)




4. ഒരു പെട്ടിയിൽ 10 കറുത്തമുത്തുകളും 15 വെളുത്തമുത്തുകളുമുണ്ട്. മറ്റൊരു പെട്ടിയിൽ 11 കറുത്ത മുത്തുകളും 17 വെളുത്ത മുത്തുകളുമുണ്ട്. പെട്ടികളിലേക്ക് നോക്കാതെ ഓരോ മുത്തെടുക്കുമ്പോൾ
   i) ഒന്നാമത്തെ പെട്ടിയിൽനിന്നും കറുത്ത മുത്തു കിട്ടാനുള്ള സാധ്യത എന്ത്?
   ii) രണ്ടാമത്തെ പെട്ടിയിൽനിന്നും കറുത്ത മുത്തു കിട്ടാനുള്ള സാധ്യത എന്ത്?
   iii) വെളുത്ത മുത്തു കിട്ടാൻ ഏതു പെട്ടിയിൽനിന്നെടുക്കുന്നതാണ് നല്ലത്? എന്തുകൊണ്ട്? (3)

5. 9, 15, 21, ... എന്ന സമാന്തരശ്രേണിയുടെ
   i) ബീജഗണിതരൂപം എഴുതുക.
   ii) തുകയുടെ ബീജഗണിതരൂപം എഴുതുക. (3)

SCERT Kerala

6. ചിത്രത്തിൽ $AB$, $CD$ എന്നീ ഞാണുകൾ $P$ യിൽ മുറിച്ചു കടക്കുന്നു. $CP = 3$ സെന്റിമീറ്റർ, $CD = 11$ സെന്റിമീറ്റർ, $AB = 14$ സെന്റിമീറ്റർ. $AP$ യുടെ നീളമെത്ര?




(3)

7. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $\frac{3}{8}n + 2$ ആണ്. ഈ ശ്രേണിയിലെ പൂർണസംഖ്യകളായ പദങ്ങളുടെ ശ്രേണി എഴുതുക. ഈ ശ്രേണിയുടെ പ്രത്യേകത എന്ത്? (3)

8. മൂലകളെല്ലാം വൃത്തത്തിലായ സമപഞ്ചഭുജമാണ് $ABCDE$. കൂടാതെ $P$ വൃത്തത്തിലെ ബിന്ദുവാണ്. $\angle APE$ എത്ര?




(3)

9. പൊതുവ്യത്യാസം 7 ആയ ഒരു സമാന്തരശ്രേണിയുടെ 8-ാം പദം 50 ആണ്. ശ്രേണിയുടെ 18-ാം പദം എത്ര? 1947 ഈ ശ്രേണിയിലെ പദമാണോ? എന്തുകൊണ്ട്? (3)

10. ചിത്രത്തിൽ $ABCDEF$ ഒരു സമഷഡ്ഭുജമാണ്. കണ്ണടച്ച് ചിത്രത്തിൽ ഒരു കുത്തിട്ടാൽ അത്

i) നിറം കൊടുത്ത ഭാഗത്താകാനുള്ള സാധ്യതയെന്ത്?

ii) ചതുരം $FBCE$ യ്ക്ക് അകത്താകാനുള്ള സാധ്യതയെന്ത്?




(3)

***അല്ലെങ്കിൽ***

1 മുതൽ 6 വരെയുള്ള സംഖ്യകളെഴുതിയ രണ്ടു പകിടകൾ ഒന്നിച്ചുരുട്ടുന്നു. മുകളിൽ വരുന്ന സംഖ്യകളുടെ

i) ഗുണനഫലം 36 ആകാനുള്ള സാധ്യതയെന്ത്?

ii) ഗുണനഫലം ഒരു അഭാജ്യസംഖ്യയാകാനുള്ള സാധ്യതയെന്ത്?

11. പരിവൃത്തആരം 3 സെന്റിമീറ്ററും രണ്ടു കോണുകൾ $40^o$ യും $65^o$ യും ആയ ത്രികോണം വരയ്ക്കുക. വശങ്ങളുടെ നീളം അളന്നെഴുതുക. (4)

12. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $4n + 3$ ആണ്. ഒരെണ്ണൽസംഖ്യയുടെയും വർഗം ഈ ശ്രേണിയിലെ പദമാകില്ലെന്നു സമർഥിക്കുക. (4)

SCERT Kerala

13. ഒരു മട്ടത്രികോണത്തിന്റെ വശങ്ങളുടെ നീളങ്ങൾ സമാന്തരശ്രേണിയിലാണ്. ലംബവശങ്ങളിൽ വലുതിന്റെ നീളം 6 സെന്റിമീറ്ററായാൽ മറ്റു രണ്ടു വശങ്ങളുടെ നീളം കണക്കാക്കുക. (4)

14. 11 ചതുരശ്രസെന്റിമീറ്റർ പരപ്പളവുള്ള സമചതുരം വരയ്ക്കുക. (4)

**അല്ലെങ്കിൽ**




ചിത്രത്തിൽ $\angle A = 30^{\circ}$.

i) $\angle C$ എത്ര?

ii) ഈ ചിത്രത്തിന്റെ സഹായത്തോടെ $75^{\circ}$, $37\frac{1}{2}^{\circ}$ കോണുകൾ നിർമിക്കുക.

15. ചുവടെ തന്നിരിക്കുന്നവയിൽ ഒരു സമാന്തരശ്രേണിയിലെ ആദ്യത്തെ $n$ പദങ്ങളുടെ തുകയെ കാണിക്കുന്ന ബീജഗണിതവാചകം ഏത്? (4)

i) $2n^2 + \frac{1}{3n}$

ii) $2n^2 + 3n$

iii) $2n^2 + 3n + 1$

ഈ സമാന്തരശ്രേണിയുടെ ബീജഗണിതരൂപം എഴുതുക.

16. ചിത്രത്തിൽ $ABCD$ ഒരു സമചതുരവും $A$ കേന്ദ്രമായി $AE$ ആരമായി ഒരു വൃത്തഭാഗവും വരച്ചിരിക്കുന്നു. കണ്ണടച്ചു ചിത്രത്തിൽ ഒരു കുത്തിട്ടാൽ അതു സമചതുരത്തിനകത്താകാനുള്ള സാധ്യതയെന്ത്? നിറംകൊടുത്ത ഭാഗത്താകാനുള്ള സാധ്യതയെന്ത്?




(4)

17. ചതുർഭുജം $ABCD$ യിൽ ത്രികോണം $ABD$ യ്ക്കു വരയ്ക്കുന്ന പരിവൃത്തം $C$ യിൽക്കൂടി കടന്നുപോകുമോ? സമർഥിക്കുക.




(4)

18. $\frac{15}{4}, \frac{27}{4}, \frac{39}{4}, \ldots$ എന്ന സമാന്തരശ്രേണിയിൽ പൂർണസംഖ്യകളായ പദങ്ങളുണ്ടാകുമോ? സമർഥിക്കുക. (4)

**അല്ലെങ്കിൽ**

300 നും 700 നും ഇടയിൽ 6 കൊണ്ടു ഹരിച്ചാൽ ശിഷ്ടം 1 വരുന്ന എത്ര സംഖ്യകളുണ്ട്. അവയുടെ തുക കണ്ടുപിടിക്കുക.

SCERT Kerala

19. 7 സെന്റിമീറ്റർ നീളവും 4 സെന്റിമീറ്റർ വീതിയുമുള്ള ചതുരം വരയ്ക്കുക. ഇതേ പരപ്പളവുള്ളതും ഒരു വശം 6 സെന്റിമീറ്ററുമായ മറ്റൊരു ചതുരം വരയ്ക്കുക. (5)

20. ഒരു വസ്തു A എന്ന ബിന്ദുവിൽനിന്ന് 5 മീറ്റർ/സെക്കന്റ് വേഗത്തിൽ തുടങ്ങി ഒരേ ദിശയിൽ സഞ്ചരിക്കുന്നു. അതിന്റെ വേഗം ഓരോ സെക്കന്റിലും 4 മീറ്റർ/സെക്കന്റ് നിരക്കിൽ വർധിക്കുന്നു.

i) ഓരോ സെക്കന്റ് കഴിയുമ്പോഴും വസ്തുവിനുണ്ടാകുന്ന വേഗത്തിന്റെ ശ്രേണിയെഴുതുക.

ii) ഓരോ സെക്കന്റ് കഴിയുമ്പോഴും വസ്തു സഞ്ചരിച്ച ആകെ ദൂരങ്ങളുടെ ശ്രേണിയെഴുതുക.

iii) മുകളിലെഴുതിയ ശ്രേണികളുടെ ബീജഗണിതരൂപം എഴുതുക. (5)

21. *ABCDEF* എന്ന ഷഡ്ഭുജത്തിന്റെ മൂലകളെല്ലാം ഒരു വൃത്തത്തിലാണ്. $\angle A + \angle C + \angle E = \angle B + \angle D + \angle F$ എന്നു സമർഥിക്കുക.




(5)

***അല്ലെങ്കിൽ***

ചിത്രത്തിൽ $AB = AC$; $\angle B$ യുടെ സമഭാജി വൃത്തത്തിൽ *P* എന്ന ബിന്ദുവിൽ ഖണ്ഡിക്കുന്നു. *BC* എന്ന വരയും *AP* എന്ന വരയും നീട്ടിയത് *D* യിൽ കൂട്ടിമുട്ടുന്നു. $CA = CD$ എന്നു തെളിയിക്കുക.




SCERT Kerala

22. 5, 8, 11, ... എന്ന സമാന്തരശ്രേണിയിലെ പദങ്ങൾ ഉപയോഗിച്ചു തയാറാക്കിയ ഒരു സംഖ്യാക്രമം ചുവടെ തന്നിരിക്കുന്നു.

5
8 11
14 17 20
23 26 29 32
..........................................................................
..........................................................................

i) അടുത്ത രണ്ടു വരികൾകൂടി എഴുതുക.

ii) 10-ാം വരിയിലെ അവസാന സംഖ്യ 5, 8, 11, ... എന്ന സമാന്തരശ്രേണിയിലെ എത്രാം പദമാണ്?

iii) 10-ാം വരിയിലെ ആദ്യ സംഖ്യയും അവസാന സംഖ്യയും കാണുക. (5)

*****

# ഉത്തരസൂചിക: ഗണിതം (Class X)
## സെറ്റ് C

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 1. | വൃത്തത്തിലെ രണ്ടു ഞാണുകൾ *AB* യും *CD* യും *P* യിൽ മുറിച്ചുകടക്കുന്നുവെങ്കിൽ<br>$PA \times PB = PC \times PD$ എന്നുപയോഗിച്ച്<br>$PC \times PD = PA \times PB = 12 \times 6$<br>$= PG \times PM = 12 \times 6$ എന്നെഴുതുന്നു<br>ഇതിൽനിന്നും<br>$PC = 4$ എന്നും<br>$PG = 10$ എന്നും<br>കണ്ടുത്തുന്നതിന്. | 1<br><br>1 | 2 |
| 2. | $6n + 3$ എന്ന സമാന്തരശ്രേണിയിലെ എല്ലാ പദങ്ങളും 3 ന്റെ ഗുണിതമാണെന്നു തിരിച്ചറിയുന്നതിന്.<br>3 ന്റെ ഗുണിതങ്ങളുടെ തുക 3 ന്റെ ഗുണിതമായിരിക്കും. പക്ഷേ 2017, 3 ന്റെ ഗുണിതമല്ല എന്നറിയുന്നതിന്. | 1<br><br>1 | 2 |
| 3. | *ABCD* സമഭുജസാമാന്തരികമായതിനാൽ വികർണങ്ങൾ *AC* യും *BD* യും *P* യിൽ ലംബമായിസമഭാഗം ചെയ്യുന്നു എന്നറിയുന്നതിന്.<br>$\angle APB = 90^o$ ആയതിനാൽ *AB* വ്യാസമായ വൃത്തത്തിലെ ബിന്ദുവാണ് *P*.<br>*CPD* എന്ന ത്രികോണത്തിന്റെ *P* എന്ന ബിന്ദുവിൽക്കൂടി വൃത്തം കടന്നുപോകുന്നു. | 1<br>1<br><br>1 | 3 |
| 4. | i) ഒന്നാമത്തെപ്പെട്ടിയിൽ കറുത്തമുത്ത് കിട്ടാനുള്ള സാധ്യത $\frac{10}{25}$ $\frac{2}{5}$<br>ii) രണ്ടാമത്തെപ്പെട്ടിയിൽ നിന്നും കറുത്ത മുത്ത് കിട്ടാനുള്ള സാധ്യത $\frac{11}{28}$<br>iii) ഒന്നാമത്തെയും രണ്ടാമത്തെയും പെട്ടിയിൽനിന്നും വെളുത്ത മുത്ത് കിട്ടാനുള്ള സാധ്യത $\frac{15}{25}$ ഉം $\frac{17}{28}$ ഉം ആണെന്നുകണ്ടെത്തി, ഇതിൽ വലുത് $\frac{17}{28}$ കാണുന്നതിന് രണ്ടാം പെട്ടിയിൽ നിന്നെടുക്കുന്നതാണ് നല്ലത്. | $\frac{1}{2}$<br><br>$\frac{1}{2}$<br>1<br><br>1 | 3 |
| 5. | i) ബീജഗണിതരൂപം $6n + 3$<br>ii) തുകയുടെ ബീജഗണിതരൂപം<br>$= 6 \times \frac{n(n \quad 1)}{2} + 3n$<br>$= 3n^2 + 3n + 3n$<br>$= 3n^2 + 6n$ | 1<br><br><br><br>2 | <br><br><br><br>3 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 6. | $CP = 3$, $PD = 8$ എന്നും | | |
| | $AP = x$ ആയാൽ $BP = 14 - x$ എന്നും കിട്ടുന്നതിന് | 1 | |
| | $CP \times PD = AP \times BP$ | | |
| | $3 \times 8 = x(14 - x)$ | 1 | |
| | $x^2 - 14x + 24 = 0$ | | |
| | $x^2 - 14x + 49 = 25$ | | |
| | $(x-7)^2 = 25$ | 1 | 3 |
| | $x - 7 = 5$ | | |
| | $x = 12$ | | |
| | അതായത്, $AP = 12$ | | |
| | ***അല്ലെങ്കിൽ*** | | |
| | (തുക 14 ഉം ഗുണനഫലം 24 ഉം കിട്ടുന്ന സംഖ്യകൾ | | |
| | കണ്ടെത്താം. അവ 2 ഉം 12 ഉം ആണ്) | | 3 |
| 7. | $n$, 8 ന്റെ ഗുണിതങ്ങൾ ആയാൽ | | |
| | $\frac{3}{8}n + 2$ പൂർണസംഖ്യകളാകും. | 1 | |
| | $n = 8, 16, 24, 32, ...$ എന്നായാൽ ശ്രേണി 5, 8, 11, 14, ... | 1 | |
| | ഇത് 3 പൊതുവ്യത്യാസമായ ഒരു സമാന്തരശ്രേണിയാണ്. | 1 | 3 |
| 8. |  | | |
| | ചിത്രത്തിൽ $AD$ യോജിപ്പിച്ചാൽ $\angle EDA = 36^\circ$ എന്നു | | |
| | കണ്ടുപിടിക്കുന്നതിന്. | 1 | |
| | $APED$ ചക്രീയമാണെന്നറിയുന്നതിന്. | 1 | |
| | $\angle APE = 180^\circ - 36^\circ = 144^\circ$ | 1 | |
| | ***അല്ലെങ്കിൽ*** | | |
| | ചാപം $APE$ യുടെ കേന്ദ്രകോൺ $72^\circ$ | | |
| | $\angle APE = \frac{360 \quad 72}{2} = 144^\circ$ | | |
| 9. | 8-ാംപദത്തിനോടു 10 പൊതുവ്യത്യാസം കൂട്ടിയാൽ 18-ാംപദം | | |
| | കിട്ടുമെന്നറിയുന്നതിന്. | 1 | |
| | 18-ാംപദം $= 50 + 10 \times 7 = 120$ | 1 | |
| | പദവ്യത്യാസം പൊതുവ്യത്യാസത്തിന്റെ ഗുണിതമായിരിക്കും | | |
| | എന്നുപയോഗിച്ച് $1947 - 50 = 1897$, 7 ന്റെ ഗുണിതമായതിനാൽ | 1 | 3 |
| | പദമാണെന്നു കണ്ടെത്തുന്നതിന്. | | |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 10. |   | | |
| | നിറം കൊടുത്ത ഭാഗത്തിന്റെയും നിറം കൊടുക്കാത്ത ഭാഗത്തിന്റെയും പരപ്പളവുകൾ ഷഡ്ഭുജത്തിന്റെ $\frac{2}{6}$ ഭാഗവും $\frac{4}{6}$ ഭാഗവുമാണെന്നു കണ്ടെത്തുന്നതിന്. | 2 | |
| | സാധ്യത കണ്ടെത്തുന്നതിന് i) $\frac{2}{6} = \frac{1}{3}$ ii) $\frac{4}{6} = \frac{2}{3}$ | 1 | 3 |
| | ***അല്ലെങ്കിൽ*** | | |
| | ഗുണനഫലം 36 ആകാനുള്ള സാധ്യത $\frac{1}{36}$ ആണെന്നറിയുന്നതിന് | 1 | |
| | ഗുണനഫലം അഭാജ്യസംഖ്യ വരാവുന്ന ജോടികൾ 6 എണ്ണം ആണെന്നറിയുന്നതിന്. | 1 | |
| | അഭാജ്യസംഖ്യയാകാനുള്ള സാധ്യത $\frac{1}{6}$ | 1 | 3 |
| 11. | 3 സെ.മീ. ആരമുള്ള വൃത്തം വരയ്ക്കുന്നതിന്. | 1 | |
| | കേന്ദ്രകോണുകൾ അടയാളപ്പെടുത്തുന്നതിന്. | 1 | |
| | ത്രികോണം വരയ്ക്കുന്നതിന്. | 2 | 4 |
| 12. | ഈ സമാന്തരശ്രേണിയിലെ പദങ്ങൾ 4 കൊണ്ടു ഹരിച്ചാൽ ശിഷ്ടം 3 ആണെന്ന് അറിയുന്നതിന്. | 1 | |
| | പൂർണവർഗങ്ങളെ 4 കൊണ്ടു ഹരിച്ചാൽ ശിഷ്ടം 0, 1 എന്നിവയാണെന്നു സമർഥിക്കുന്നതിന്. (ബീജഗണിതം ഉപയോഗിച്ച്) | | 2 |
| | പൂർണവർഗങ്ങളൊന്നും $4n + 3$ എന്ന ശ്രേണിയിലെ പദമാകില്ല. | 1 | 4 |
| 13. |   | | |
| | മട്ടത്രികോണത്തിന്റെ വശങ്ങൾ $6 - x$, 6, $6 + x$ എന്നെടുക്കുന്നതിന് | 1 | |
| | $6^2 + (6 - x)^2 = (6 + x)^2$ | 1 | |
| | വശങ്ങൾ $4\frac{1}{2}$, 6, $7\frac{1}{2}$ എന്ന് കണ്ടെത്തുന്നതിന്. | 2 | 4 |

SCERT Kerala

<table>
<tr><th>ചോദ്യ നമ്പർ</th><th>ഉത്തരസൂചകങ്ങൾ</th><th>സ്കോർ വിശദാംശങ്ങൾ</th><th>ആകെ സ്കോർ</th></tr>
<tr><td>14.</td><td>12 സെ.മീ. വ്യാസമായ അർധവൃത്തം വരക്കുന്നതിന്.<br>$\sqrt{11}$ സെ.മീ. നീളമുള്ള വര വരയ്ക്കുന്നതിന്.<br>$\sqrt{11}$ സെ.മീ. വശമായ സമചതുരം വരക്കുന്നതിന്.<br><br>**_അല്ലെങ്കിൽ_**<br><br>$\angle C = 180^\circ - 30^\circ = 50^\circ$<br>ചിത്രം വരച്ച് $\angle C$ യും $\angle A$ യും അടയാളപ്പെടുത്തുന്നതിന്.<br>$C$ കേന്ദ്രമായി വൃത്തം വരച്ച് $75^\circ$ കോൺ നിർമിക്കുന്നതിന്.<br>$75^\circ$ കോണിന്റെ ശീർഷം കേന്ദ്രമാക്കി വൃത്തം വരച്ച് $37\frac{1}{2}^\circ$ കോൺ നിർമിക്കുന്നതിന്.</td><td>1<br>2<br>1<br><br>1<br>1<br>1<br>1</td><td>4<br><br>4</td></tr>
<tr><td>15.</td><td>സമാന്തരശ്രേണിയുടെ തുകയുടെ ബീജഗണിതരൂപം $an^2 + bn$ എന്ന രൂപത്തിലായിരിക്കും.<br>$an^2 + bn$ എന്ന രൂപത്തിലുള്ളത് $2n^2 + 3n$ ആണ്.<br>പൊതുവ്യത്യാസവും ആദ്യപദവും കണ്ടെത്തി ശ്രേണിയുടെ ബീജഗണിതരൂപം $4n + 1$ എന്നു കണ്ടുപിടിക്കുന്നതിന്.</td><td>1<br>1<br>2</td><td>4</td></tr>
</table>

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 16. | ചിത്രത്തിൽ $AF = AC = AE = r$ എന്നെടുത്താൽ | 1 | |
| | സമചതുര പരപ്പളവ് $\frac{r^2}{2}$ ; വൃത്താംശത്തിന്റെ പരപ്പളവി $\frac{r^2}{4}$ ന്റെ | | |
| | $\frac{2}{\ }$ ഭാഗമാണെന്നു കണ്ടെത്തുന്നതിന്. | 1 | |
| | സമചതുരത്തിനകത്താകാനുള്ള സാധ്യത $\frac{2}{\ }$ | 1 | |
| | നിറം കൊടുത്ത ഭാഗത്താകാനുള്ള സാധ്യത $\frac{2}{\ }$ | 1 | 4 |
| 17. | $\angle C = 110^o$ എന്നു കണ്ടുപിടിക്കുന്നതിന് | 1 | |
| | $\angle A + \angle C = 190 > 180^o$ | 1 | |
| | $\Delta ABD$ യുടെ പരിവൃത്തം $C$ യിൽ കൂടി കടന്നുപോകില്ലെന്നു സമർഥിക്കുന്നത്. | 2 | 4 |
| | or $\angle B + \angle D = 170^{o,}$ $\therefore ABCD$ ചക്രീയമല്ല. | | |
| 18. | അംശങ്ങൾ എല്ലാം ഒറ്റസംഖ്യകളാണെന്നു സമർഥിക്കുന്നതിന്. | 2 | |
| | ഒറ്റസംഖ്യകളെ 4 കൊണ്ടു പൂർണമായി ഹരിക്കാൻ പറ്റില്ലെന്നു കാണുന്നതിന്. | 2 | 4 |
| | ***അല്ലെങ്കിൽ*** | | |
| | ആദ്യ പദം 301 ഉം അവസാന പദം 697 എന്നും പൊതുവ്യത്യാസം 6 എന്നും കണ്ടുപിടിക്കുന്നതിന്. | 1 | |
| | പദങ്ങളുടെ എണ്ണം 67 എന്നു കണ്ടെത്തുന്നതിന്. | 1 | |
| | തുക 18463 എന്നു കണ്ടെത്തുന്നതിന്. | 2 | 4 |
| 19. | 7 സെ.മീ., 4 സെ.മീ. വശങ്ങളുള്ള ചതുരം $ABCD$ വരയ്ക്കുന്നതിന്. $AB = 7$ സെ.മീ., $BC = 4$ സെ.മീ. | 1 | |
| | $AE = 11$ സെ.മീ. ആകുന്നവിധം $AB$ നീട്ടുന്നു. $BF = 6$ സെ.മീ. ആകത്തക്കവിധം $CB$ നീട്ടുന്നു. | 1 | |
| | $A, E, F$ എന്നീ ബിന്ദുക്കളിൽക്കൂടി കടന്നുപോകുന്ന വൃത്തം വരച്ച് $AB \times BE = BF \times BG$ ആകത്തക്കവിധം $G$ എന്ന ബിന്ദു വൃത്തത്തിൽ കണ്ടുപിടിക്കുന്നു. | 2 | |
| | $BF, BG$ വശങ്ങളായ ചതുരം വരയ്ക്കുന്നു. | 1 | 5 |
| 20. | വേഗങ്ങളുടെ ശ്രേണി 9, 13, 17 എന്ന് എഴുതുന്നതിന്. | 1 | |
| | ദൂരങ്ങളുടെ ശ്രേണി കാണാൻ $s = ut + \frac{1}{2}at^2$ എന്ന സമാക്യത്തിൽ $u = 5, a = 4$ എന്ന് കാണുന്നതിന്. | 1 | |
| | ദൂരങ്ങളുടെ ശ്രേണി 7, 18, 33, ... എന്നു കാണുന്നതിന്. | 1 | |
| | വേഗങ്ങളുടെ ബീജഗണിതം 9, 13, 17, ... എന്ന സമാന്തരശ്രേണിയുടെ ബീജഗണിതമായ $4n + 5$ എന്നെഴുതുന്നതിന്. | 1 | |
| | $n$ സെക്കന്റിൽ സഞ്ചരിക്കുന്ന ദൂരത്തെ സൂചിപ്പിക്കുന്ന ബീജഗണിതം $s_n = 5n + 2n^2$ എന്ന് എഴുതുന്നതിന്. | 1 | 5 |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| 21. |  | | |
| | $FC$ വരച്ച് രണ്ടു ചക്രീയചതുർഭുജങ്ങൾ ഉണ്ടാക്കുന്നതിന്. | 1 | |
| | ചക്രീയ ചതുർഭുജങ്ങളുടെ എതിർകോണുകളുടെ തുക $180^o$ എന്ന അറിവ് ഉപയോഗിച്ച്<br>$q + \angle B = 180^o$<br>$\angle A + r = 180^o$<br>എന്നും<br>$p + \angle D = 180^o$<br>$\angle E + s = 180^o$<br>എന്നും കാണുന്നതിന്. | 2 | |
| | ഇവ ക്രമീകരിച്ച്<br>$p + q + \angle D + \angle B = 180^o + 180^o = 360^o$<br>എന്നും $\angle F + \angle D + \angle E = 360$<br>$s + r + \angle A + \angle E = 180^o + 180^o = 360^o$<br>$\angle A + \angle C + \angle E = 360$<br>എന്നും കിട്ടുന്നതിന്<br>$\angle A + \angle C + \angle E = \angle B + \angle D + \angle F$ | 2 | 5 |
| | **അല്ലെങ്കിൽ**<br> | | |
| | $AB = AC$ ആയതിനാൽ $\angle ABC = \angle ACB$ എന്നറിയുന്നതിന്. | 1 | |
| | $BP$ എന്ന വര $\angle B$ യുടെ സമഭാജിയായതിനാൽ $\angle ACB = 2x$ എന്നെടുത്താൽ $\angle CBP = \angle PBA = x$ എന്നു കാണുന്നതിന്. | 1 | |

SCERT Kerala

| ചോദ്യ നമ്പർ | ഉത്തരസൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| | $\angle PAC = \angle PBC = x$, (ഒരേ ചാപത്തിലെ കോണുകളായതിനാൽ) | 1 | |
| | രേഖീയജോടി അനുപൂരകമാണ് എന്നതുപയോഗിച്ച് | | |
| | $\angle ACD = 180 - 2x$ എന്നു കിട്ടുന്നതിന്. | 1 | |
| | $\angle D = 180 - (180 - 2x + x) = x$ എന്നു കണ്ടെത്തി | | |
| | $\Delta ACD$ സമപാർശ്വത്രികോണമാണെന്നു കാണുന്നതിന്. | 1 | 5 |
| | $AC = CD$ എന്നെഴുതുന്നതിന്. | | |
| 22. | i) അടുത്തടുത്ത രണ്ടു വരികൾ എഴുതുന്നതിന്. | 1 | |
| | ii) ഓരോ വരിയിലെയും അവസാന സംഖ്യകളുടെ സ്ഥാനം | | |
| | 1, 3, 6, 10, ... എന്നിങ്ങനെയാണെന്നു കാണുന്നതിന്. | 1 | |
| | iii) ഇതു തുടർച്ചയായ എണ്ണൽസംഖ്യകളുടെ തുകയാണെന്നു | | |
| | കണ്ടെത്തി, 10–ാം വരിയിലെ അവസാന സംഖ്യയുടെ | | |
| | സ്ഥാനം $1 + 2 + ... + 10 = \frac{10 \quad 11}{2} = 55$ എന്നു കിട്ടുന്നതിന്. | 1 | |
| | 10–ാം വരിയിലെ അവസാന സംഖ്യ $5 + 54 \times 3 = 167$ | 1 | |
| | 10–ാം വരിയിലെ ആദ്യ സംഖ്യ $167 - 9 \times 3 = 140$ | 1 | 5 |

SCERT Kerala